THE CHRISTIAN
LIGHT OF LIFE
ജീവനത്തിന്റെ പ്രകാശം

CHRISTIAN NEWS MAGAZINE FOR KERALA MALAYALEE CHRISTIANS FROM INDIA AROUND THE WORLD

JUNE-OCTOBER 2006 ARTICLE - MALAYALAM VOL:5 ISSUE:6-10



# HOLY MYSTERIES IN THE HOLY BIBLE
## വിശുദ്ധ വചനത്തിലെ വിശുദ്ധ മർമ്മങ്ങൾ
### By MAR BASALIOS MARTHOMA MATHEWS II

സത്യവേദപുസ്തകത്തിലെ അഥവാ വി. ബൈബിളിലെ ഏതാനും വാക്യങ്ങൾ പരിശോധിച്ചുകൊണ്ട് മേൽപ്പറഞ്ഞ വിഷയത്തെക്കുറിച്ച് പരിശോധിക്കുകയും പഠിക്കുകയും ചെയ്യാം.

'പിന്നെ ശിഷ്യന്മാർ അടുക്കെ വന്നു: അവരോടു ഉപമകളായി സംസാരിക്കുന്നതു എന്തു എന്നു അവനോടു ചോദിച്ചു. അവൻ അവരോടു ഉത്തരം പറഞ്ഞതു: സ്വർഗ്ഗരാജ്യത്തിൻെറ മർമ്മങ്ങളെ അറിവാൻ നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു; അവർക്കോ ലഭിച്ചിട്ടില്ല.' (വി. മത്തായി 13:10-11) ഇത് കർത്താവിന്റെ കാര്യവിചാരകന്മാരായ ശിഷ്യന്മാരിൽനിന്നും മററുള്ളവരെ വേർതിരിച്ചു കർത്താവ് കൽപ്പിക്കുന്നതാണ്.

സുറിയാനി അല്പംകൂടി കട്ടിയായ ഭാഷയെന്ന് എനിക്കു തോന്നുന്നു. ഗ്രീക്കിനോട് വളരെ യോജിക്കുന്നുമുണ്ട് ഇത് തർജ്ജിമ ചെയ്താൽ, 'സ്വർഗ്ഗരാജ്യത്തിൻെറ മർമ്മങ്ങളെ അറിയുവാൻ നിങ്ങൾക്കാണ് നൽകപ്പെട്ടിരിക്കുന്നത്.' എന്നാകുന്നു. ഇംഗ്ലീഷ് [R.S.V.] -ൽ ഇതിനോട് വളരെ യോജിക്കുന്നുമുണ്ട്; മലയാളം അത്ര ശക്തിയില്ലാത്ത പ്രയോഗമാണ്.

'അവൻ അവരോടു പറഞ്ഞതു: ദൈവരാജ്യത്തിൻെറ മർമ്മം നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു; പുറത്തുള്ളവർക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു. (വി. മർക്കോസ് 4:11) ഇവിടെയും മറെറല്ലാ ഭാഷാന്തരങ്ങളും മുകളിൽ കണ്ടതുപോലെ, 'നിങ്ങൾക്കാണ് നൽകപ്പെട്ടിരിക്കുന്നത്' എന്ന ശക്തമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്.

'അവൻെറ ശിഷ്യന്മാർ അവനോടു ഈ ഉപമ എന്തു എന്നു ചോദിച്ചതിന്നു അവൻ പറഞ്ഞതു: ദൈവരാജ്യത്തിൻെറ മർമ്മങ്ങളെ അറിവാൻ നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു; ശേഷമുള്ളവർക്കോ കണ്ടിട്ടും കാണാതിരിപ്പാനും, കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും ഉപമകളിലത്രേ.' (വി. ലൂക്കോസ് 8:9-10) ഇതും മുമ്പുള്ളതുപോലെതന്നെ.

'പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ടു ഇപ്പോൾ വെളിപ്പെട്ടു വന്നതും നിത്യദൈവത്തിൻെറ നിയോഗപ്രകാരം സകല ജാതികൾക്കും വിശ്വാസത്തിൻെറ അനുസരണത്തിന്നായി പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരിക്കുന്നതുമായ മർമ്മത്തിൻെറ വെളിപ്പാടിന്നു അനുസരണമായുള്ള എൻെറ സുവിശേഷത്തിന്നും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിന്നും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു യേശുക്രിസ്തു മുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ. ആമേൻ.' (റോമർ 16:24-26)

'അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു.' (1 തീമോത്തി. 3:16)

'ഞങ്ങളെ ക്രിസ്തുവിൻെറ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും (ഭവനതലവന്മാരും) എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ.' (1 കൊരിന്തി. 4:1)

'അവനിൽ താൻ മുൻനിർണ്ണയിച്ച തൻെറ പ്രസാദത്തിന്നു തക്കവണ്ണം തൻെറ ഹിതത്തിൻെറ മർമ്മം അവൻ നമ്മോടു അറിയിച്ചു.' (എഫെസ്യർ 1:9)

‘സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിൻെറ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു.’ (എഫെസ്യർ 3:9)

‘ഇനി കാലം ഉണ്ടാകയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിൻെറ കാലത്തു ദൈവത്തിൻെറ മർമ്മം അവൻ തൻെറ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചുകൊടുത്തതു പോലെ നിവൃത്തിയാകുമെന്നു ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു.’ (വെളിപാട് 10:6-7)

‘അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവൻെറ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു. അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിൻെറ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിൻെറ പ്ര ത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ.’ (കൊലൊസ്യർ 1:26-27)

മേൽ ഉദ്ധരിച്ചിട്ടുള്ള വാക്യങ്ങൾ പഠിക്കുവാൻ പരിശ്രമിക്കുമ്പോൾ പലപ്രാവശ്യം മർമ്മങ്ങൾ എന്ന പദം ആവർത്തിച്ചാവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്. വളരെ ഗഹനങ്ങളായ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സാധാരണഗതിയിൽ സാധാരണബുദ്ധിക്കും ചിന്തക്കും അതീതമായി അവ അനുഭവപ്പെടാറുണ്ട്. ഇപ്രകാരമുള്ള അതീത സംഗതികൾ മററുള്ളവരിലേക്കു പ കർന്നുകൊടുക്കുവാൻ പ്രയാസം നേരിടുമ്പോൾ ഉപയോഗിക്കുന്ന ഒരു പദമാണ് മർമ്മങ്ങൾ എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മർമ്മങ്ങൾ എന്ന് മലയാളം വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന പദത്തിന് മൂലഭാഷയായ ഗ്രീക്കുവേദപുസ്തകത്തിൽ [musterion] എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇംഗ്ലീഷ് വേദപ ുസ്തകത്തിൽ [Mystery] എന്നാണ് പരിഭാഷ. സുറിയാനി തർജ്ജിമ (റോസോ) മൂന്നാം നൂററാണ്ടിന്റെ ആദ്യഭാഗത്തിൽ തന്നെ വരുന്നതാണ്. അപ്പോസ്തോലിക കാലത്തോട് വളരെ സാമിപ്യവും സമ്പർക്കവും അതിനുണ്ട്. മർമ്മം എന്ന് മലയാളഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പ ദത്തിന് സുറിയാനിഭാഷയിൽ റോസോ എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. മലയാളത്തിൽ ഈ പദ തർജ്ജിമ ‘രഹസ്യം’ എന്നും കാണാറുണ്ട്. ഈ ആശയമാണ് പെസഹാ വ്യാഴാഴ്ച വി. കുർബ്ബാന അനുഭവിക്കുമ്പോൾ ചൊല്ലാറുള്ളത്. ‘രഹസ്യം, രഹസ്യം, ഉടയോനരുളി രഹസ്യമെനിക്കും എൻ വീട്ടുകാർക്കും.’ അതിന്റെ സുറിയാനിയിൽ, ‘റോസോ ലീ, റോസോ ലീ ഏമാർ മോറാൻ....’ എന്നു തുടങ്ങിയുള്ളതാണ്. ഇത് മഹാരഹസ്യമാണ്. വി. കുർബ്ബാനയെ സംബന്ധിച്ചുള്ള വർണ്ണനയാണ് രഹസ്യം, രഹസ്യം എന്ന പദം കൊണ്ട് ഉൾക്കൊള്ളുന്നുത്. (1 കൊരിന്തി. 11:21)

ഈ അപ്പം വീഞ്ഞുകൾ എങ്ങനെ കർത്താവിന്റെ തിരുശരീരങ്ങളാകുന്നു എന്നത് മനുഷ്യബുദ്ധിയിൽ വ്യാഖ്യാനാതീതമാണ്. എന്നാൽ അത് തിരുശരീരരക്തങ്ങളാകുന്നു എന്നത് ഒരു വിശ്വാസിക്കു വിസ്മരിക്കാൻ വയ്യാത്ത വിശ്വാസവും വസ്തുതയുമാണ്. ഈ യാഥാർത്ഥ ്യത്തെയാണ്, ‘രഹസ്യം, രഹസ്യം’ എന്ന വാക്കുകൊണ്ട് വെളിപ്പെടുത്തുന്നത്. ഇതുപോലെയുള്ള മററു പലതും ബുദ്ധികൊണ്ട് എത്ര ആഞ്ഞുപിടിച്ചാലും അളന്നറിയുവാൻ അസാദ്ധ്യമായതാണ്. എന്നാൽ ഒരു വിശ്വാസിക്ക് അനുഭവിച്ചാസ്വദിക്കുവാൻ സുസാദ്ധ്യമായ ചില യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നവയാണ് ഈ ദിവ്യരഹസ്യങ്ങൾ അഥവാ മർമ്മങ്ങൾ. ഇവയുടെ യാഥാർത്ഥ്യങ്ങളെ വിലയിരുത്തിക്കൊണ്ട് ഒരു വിശുദ്ധൻ വർണ്ണിക്കുന്നത് ഇപ്രകാരമാണ്. "Spiritual truths are not against reason but they are beyond reason." ആത്മീകസത്യങ്ങൾ ബുദ്ധിക്കോ യുക്തിക്കോ എതിരല്ല, അവയ്ക്ക് അതീതങ്ങളാകുന്നു.

പൂർവ്വിക ഗ്രീക്കുകാരുടെയിടയിൽ ‘മുസ്ററീരിയോൺ’ എന്നു പറഞ്ഞാൽ അവിടെയുള്ള അവരുടെ ഒരു രഹസ്യ സമൂഹത്തിന്റെ, ഒരു രഹസ്യ ആദ്ധ്യാത്മീക ആരാധനയും അതിനോടുചേർന്ന അവരുടെ വ്രതസംശുദ്ധമായ ഒരു ക്രമജീവിതവുമാണ് അവർ വിഭാവനം ചെയ്യുന്നത്. ആ സമൂഹത്തിൽ ചേരുവാൻ ദാഹിക്കുന്നവരെയല്ലാതെ മററാരേയും അതിൽ അവർ ഉൾപ്പെടുത്തുകയില്ല. ഇങ്ങനെ ചേരുന്നവർക്കു ചില പ്രത്യേക പരിജ്ഞാനങ്ങളും പ ാരമ്പര്യങ്ങളും പരിചയങ്ങളും ലഭിക്കുകയും ചെയ്യും. അവയെല്ലാം തന്നെ അവരുടെ സ്ഥൂലദൃഷ്ടികൾക്ക് അഗോചരങ്ങൾ എങ്കിലും സൂക്ഷ്മദൃഷ്ടികൾക്ക് ഗോചരങ്ങളാണെന്ന് അവർ വിശ്വസിക്കുന്നു. അവർ ആ നിലയിൽ ഒരു സമ്പൂർണ്ണതയിലേക്കു വരുന്നവരും വന്നവരുമായി മററുള്ളവരാൽ ആദരിക്കപ്പെടുന്നു. കൂടാതെ മുസ്ററീരിയോൺ എന്ന പദം [Mustes] എന്ന പ ദത്തിൽനിന്നും വന്നതാണെന്നാണ് ചിലരുടെ അഭിപ്രായം. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്

ബുദ്ധിയേക്കാൾ വിശ്വാസം മൂലമുള്ള അനുഭവമാണ്. ഈ പ്രക്രിയയെ ഇപ്രകാരം വർണ്ണിക്കാം. വിശ്വസിച്ചുകൊണ്ട് തുടങ്ങുക, തുടരുക, അനുഭവംകൊണ്ട് അറിയുക, രുചികൊണ്ട് ആസ്വദിക്കുക. ഈ കൃതകൃത്യമാണ് ഈ പ്രക്രിയ. ഇപ്രകാരം നമ്മുടെ മാനുഷിക ബുദ്ധിക്ക് മനസ്സിലാക്കുവാൻ പ്രയാസമുള്ളതും ആ സമയത്ത് വിശ്വാസപരമായി ജീവിക്കുന്നവർക്ക് ധാരാളമായി രുചിച്ചറിയുവാൻ കഴിയുന്നതായ വളരെ വളരെ യാഥാർത്ഥ്യങ്ങളുണ്ട്. 'യഹോവ നല്ലവൻ എന്നു രുചിച്ചറിയണം.' ആദ്ധ്യാത്മിക അനുഭവങ്ങൾ യാഥാർത്ഥ്യങ്ങളാണെന്ന് ആസ്വദിച്ചറിയണം.

മനുഷ്യരിൽ ശരീരവും ആത്മാവുമുണ്ട്. അതു നമ്മുടെ ബോദ്ധ്യമാണ്. എന്നാൽ എവിടെയാണ് ആത്മാവ് ഇരിക്കുന്നത് എന്നു ചോദിച്ചാൽ അത് നമ്മളിലുണ്ട് എന്നല്ലാതെ എന്തു പറയുവാൻ സാധിക്കും. എന്നാൽ ആത്മാവ് നമ്മുടെ ദൃഷ്ടികൾക്ക് അദൃശ്യമെങ്കിലും അതിന്റെ വ്യാപാരങ്ങൾ ദൃശ്യങ്ങളും നമ്മുടെ ജീവിതാനുഭവവുമാണ്. നമ്മുടെ കർത്താവ് കല്പിക്കുംപ്രകാരം കാററ് ഇഷ്ടമുള്ളിടത്തേക്കു ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു, എങ്കിലും എവിടെനിന്ന് വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും നീ അറിയുന്നില്ല. കാററിന്റെ സ്പർശം നമ്മൾ അറിയുന്നുണ്ട്. ഇതുപോലെ തന്നെയാണ് നമ്മുടെ ആത്മവ്യാപാരവും. എല്ലാം വ്യാഖ്യാനിച്ചു മനസ്സിലായാൽ മാത്രമെ അതിനോടു പങ്കുചേരുവാൻ നിവൃത്തിയുള്ളു എന്നു ചിന്തിക്കുന്ന മനുഷ്യൻ ബുദ്ധിമാനല്ല. ശരീരത്തിന്റെ ചിന്തയും ആത്മചിന്തയും തന്നെ വിഭിന്നങ്ങളാണ്. ശാരീരികബുദ്ധിക്ക് ആത്മീക മർമ്മങ്ങളെ ആരാഞ്ഞറിയുവാൻ അസാദ്ധ്യമായി വരും. ദൈവം ആദാമിനെ മണ്ണുകൊണ്ട് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മെനഞ്ഞു, അവനിൽ ജീവശ്വാസമൂതി. അവൻ ജീവനുള്ള ദേഹിയായിത്തീർന്നു. ആകയാൽ മനുഷ്യൻ മൺമയനാണെങ്കിലും വിൺമയനാണ്. അവൻ വിൺമയനാണെങ്കിലും മൺമയനും കൂടിയാണ്. അവൻ പരിമിതികൾക്കു അധീനനാണെങ്കിലും ആത്മികനും ആകയാൽ പരിമിതികൾക്കു അതീതനുമാണ്. അവൻ ഭൂമിയിലാണ് ജീവിക്കുന്നതെങ്കിലും അവൻ സ്വർഗ്ഗീയനാണ്. സ്വർഗ്ഗത്തിലേക്കു പോകേണ്ടവനുമാണ്. ദൈവം ആദാമിൽ നിന്നാണ് ഹവ്വായെ എടുത്തത്. ഇതും ബുദ്ധിക്കു അതീതമായ അനുഭവമാണ്.

ഇത് എങ്ങനെ സംഭവിക്കുന്നു എന്ന് ആദമിനും അജ്ഞാതമാണ്. ഇതാണ് ഉൽപ്പത്തിയുടെ എഴുത്തുകാരൻ ആദമിന് 'ഉറക്കം കൊടുത്തു' എന്നെഴുതിയിരിക്കുന്നത്. ഇവയെല്ലാം തന്നെ വിവേചനാതീതമാണ്. മാനുഷികബുദ്ധിക്കു എത്തിപ്പിടിക്കുവാൻ സാദ്ധ്യമല്ല. ഉല്പ്പത്തിയുടെ എഴുത്തുകാരൻ സൃഷ്ടിയെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നു. അത് മാനുഷിക ബുദ്ധിക്കും യുക്തിക്കും അധീനമാണോ എന്ന് ബുദ്ധിമാന്മാരേ, ചിന്തിച്ചുനോക്കുവീൻ! സാധാരണയായി ഒന്നു സൃഷ്ടിക്കുമ്പോൾ ഒന്നിൽ നിന്നാണ് ഒന്നിനെ സൃഷ്ടിക്കുന്നത്. എന്നാൽ ദൈവം ഇവയെ ഒന്നുമില്ലായ്മയിൽനിന്ന് സൃഷ്ടിച്ചു. എല്ലാം ദൈവത്തിൽനിന്നു വന്നു എന്ന വിശ്വാസംകൊണ്ട് സമാധാനിക്കുകയും സംതൃപ്തിപ്പെടുകയും ചെയ്യുക എന്നുള്ളതാണ് കരണീയം. ഇതെല്ലാം ദൈവത്തിന്റെ ദിവ്യങ്ങളായ മർമ്മങ്ങളാണ്.

ക്രൈസ്തവരായ നമ്മൾ ത്രിയേക ദൈവത്തിൽ വിശ്വസിക്കുന്നു. ഇതു സത്യമല്ലേ? ലബോറട്ടറിയിൽ സാധനങ്ങൾ പരിശോധിച്ചു വിശകലനം ചെയ്യുന്നതുപോലെ ഈ ത്രിയേക വിശ്വാസം ഗവേഷണവിധേയമായി പരിശോധിച്ചു പ്രഖ്യാപിക്കുവാൻ കഴിയുമോ? എന്നാൽ വിശ്വാസിയുടെ അനുഭവമല്ലേ, അതിൽ നിന്നും മാറിനിൽക്കുവാൻ കഴിയുമോ? ആ വിശ്വാസം മാററിവെയ്ക്കുവാൻ കഴിയുമോ?

കർത്താവിന്റെ മനുഷ്യാവതാരം കന്യകയിൽനിന്ന് ജനിച്ചു എന്നുള്ളത് സുവിദിതമാണ്. പ്രവാചക പ്രഘോഷണം സത്യമല്ലേ? എങ്ങനെ വ്യാഖ്യാനിക്കും? ഒരു ചെറിയ കാര്യം ഞാൻ ചോദിച്ചുകൊള്ളട്ടെ? കൊത്തിനെയിൽവെച്ച് കർത്താവ് വെള്ളം വീഞ്ഞാക്കിയത്. വ്യാഖ്യാനിക്കുവാൻ കഴിയുമോ?

കർത്താവ് നടത്തിയ ഓരോ അത്ഭുതവും അതിശയമല്ലെ? വ്യാഖ്യാനിക്കുവാൻ കഴിയുമെങ്കിൽ അതിൽ അത്ഭുതമുണ്ടോ? അത്ഭുതം വ്യാഖ്യാനാതീതമാണ്. മരിച്ചവർ ഉയർക്കുന്നു. എങ്ങനെ വ്യാഖ്യാനിക്കും? ലാസർ ഉയർത്തില്ലേ? നയിനിലെ വിധവയുടെ മകൻ ഉയർത്തില്ലേ? യായിറോസിന്റെ മകൾ ഉയർത്തില്ലേ? ഇതൊക്കെ എങ്ങനെ വ്യാഖ്യാനിക്കും?

വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും വീണ്ടും ജനനം ഉണ്ടാകുന്നു. (വി. യോഹന്നാൻ 3:3-5) തൈലത്താലുള്ള അഭിഷേകംകൊണ്ട് ദൈവാത്മാവ് വരുന്നു. (1 ശാമുവേൽ 10:1,2,9; 16:13) ആത്മാവ് ശൗലിന്റെമേൽ വന്നില്ലേ? ദാവീദിന്റെമേൽ വന്നില്ലേ? കർത്താവ് അപ്പം എടുത്തു നുറുക്കി പാനപാത്രം എടുത്തു വാഴ്ത്തി, ഇതെന്റെ ശരീരം, ഇതെന്റെ രക്തം എന്നു കല്പ്പിച്ചില്ലേ? (വി. ലൂക്കോസ്

22:19-20) അത് അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തുവല്ലൊ. കർത്താവ് അപ്പോസ്തലന്മാരുടെ മേൽ ഊതി അവർക്ക് പരിശുദ്ധാത്മാവിനെ നൽകി. (വി. യോഹന്നാൻ 20:22,23) പശ്ചാത്താപ ികൾക്കു പാപമോചനം നൽകാൻ അധികാരം കൊടുത്തില്ലേ? തൈലം പൂശി രോഗികളെ സൗഖ്യമാക്കി. എന്ന് അപ്പോസ്തോലന്മാർ കർത്താവിനെ അറിയിച്ചില്ലേ? (വി. മർക്കോസ് 6:13) വിവാഹത്തിന് കർത്താവ് സന്നിഹിതനായി അത്ഭുതകരമായി അനുഗ്രഹിച്ചില്ലേ? (വി. യോഹന്നാൻ 2:1-12) ഇതെല്ലാം തന്നെ ദിവ്യങ്ങളായ മർമ്മങ്ങളാണ്. ഇവയെല്ലാം എങ്ങനെ സംഭവിക്കുന്നു എന്ന് ആർക്കെങ്കിലും വ്യാഖ്യാനിക്കുവാൻ കഴിയുമോ? എന്നാൽ ഇവയെല്ലാം യാഥാർത്ഥ്യങ്ങളായ വിശുദ്ധ കർമ്മങ്ങളാണ്. ദൈവത്തേയും ദൈവിക മർമ്മങ്ങളെയും വ്യാഖ്യാനിപ്പാൻ ആർക്കും കഴിയുകയില്ല. ദൈവത്തെ വ്യാഖ്യാനിപ്പാൻ ആ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. ദൈവം ഒരുവനേയുള്ളു. ആകയാൽ അവനെ വ്യാഖ്യാനിക്കുവാൻ മററാർക്കും കഴിയുകയില്ല.

ഉത്തമരായ ദൈവഭക്തന്മാരെപ്പോലെ നമുക്കു അവനിൽ ശരണപ്പെട്ടും അവനെ വിശ്വസിച്ചും, അവനെ ആസ്വദിച്ചും മുൻപോട്ടുപോകാം. വിശുദ്ധ വചനത്തിലെ വിശുദ്ധ മർമ്മങ്ങൾ എന്ന വിഷയം കൂടുതലായി പഠിക്കുന്നതിനും ഗ്രഹിക്കുന്നതിനും താഴെപ്പറയുന്ന വേദവാക്യങ്ങൾകൂടെ പരിശോധിക്കുന്നത് കൂടുതൽ സഹായകമായിരിക്കും.

റോമർ 11:25; 1 കൊരിന്തി.2:6-8; 15;51-53; 13:2; 14:2; എഫെസ്യർ 1:9; 3:2-5; 3:9; 5:32; 6:19,20; കൊലൊ. 2:2; 4:3; 1 തിമോത്തി 3:9; വെളിപാട് 1:20; 17:5;17:17.

**ദിവ്യരക്ഷാ മർമ്മം:**
വി. വേദപുസ്തകം വിൺമയനായ ദൈവവും മൺമയനായ മനുഷ്യനും തമ്മിലുള്ള വ്യവഹാര വിവരണമാണ്. സ്ഥലകാലാധീനനും പരിധിക്കും പരിമിതിക്കും വിധേയനുമായ മനുഷ്യനും ഉത്തമനും ഉന്നതനും സ്ഥലകാല പരിധി പരിമിതികൾക്കു അതീതനുമായ ദൈവവുമായുള്ള വ്യവഹാരങ്ങൾ തന്നെ സാധാരണ ചിന്തകൾക്ക് എത്തപ്പിടിക്കാവുന്നതല്ലല്ലൊ. മറെറല്ലാ ശാസ് ത്രങ്ങൾക്കും എന്ന പ്രകാരം ഇതും വളരെ ശാസ്ത്രീയമാണ്. മററുള്ളവയ്ക്കെന്നപോലെ ഈ ആത്മിക വ്യാപാരങ്ങൾക്കും തത്വസംഹിതകളും അതിനോടുചേർന്ന സിദ്ധാന്തങ്ങളുമുണ്ട്. എന്നാൽ ഇവിടെ കൈകാര്യം ചെയ്യുന്നത് ദൈവികവും ആത്മീകവുമായ കാര്യങ്ങളാകുന്നു എന്ന വ്യത്യാസമേയുള്ളു.

ഈ ലേഖനത്തിൽ ദൈവവുമായി ഉററബന്ധം പുലർത്തി, ദൈവീകകൃപകളെ അവരുടെ ദൈവീകരണപ്രക്രിയ മുഖാന്തിരം നേടിയെടുത്ത, അഥവാ രക്ഷിക്കപ്പെട്ട, അതായത് നിങ്ങളും ഞാനും അംഗങ്ങളായിരിക്കുന്ന കാതോലികവും അപ്പോസ്തോലികവും ഏകവും വിശുദ്ധവുമായ സഭയുടെ പ്രധാന കല്ലുകളായ ഏതാനും പേരുടെ അനുഭവങ്ങൾ സാക്ഷിച്ചുകൊണ്ട് തുടങ്ങാമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ദൈവം തന്റെ കരുണയാലും കൃപയാലും അതിരററ സ്നേഹത്താലും നാം തന്നോടുകൂടെ ഇരിപ്പാനും തന്റെ കൃപകളും അനുഗ്രഹങ്ങളും പ കർന്നുതന്ന് തന്നിലൊന്നായിരിപ്പാനും ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവിന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ ഇത് വളരെ വ്യക്തമാണ്.

'നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു: നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതു പോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികെഞ്ഞവരായിരിക്കേണ്ടതിന്നു തന്നേ.' (വി. യോഹന്നാൻ 17:21-23)

'ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിൻെറ അടുക്കൽ പോകുന്നതുകൊണ്ടു അതിൽ വലിയതും അവൻ ചെയ്യും.' (വി. യോഹന്നാൻ 14:12)

മേൽ ഉദ്ധരിച്ച നമ്മുടെ കർത്താവിന്റെ വാഗ്ദാനങ്ങൾ വളരെ ശ്രദ്ധേയമാണല്ലൊ. നമ്മുടെ കർത്താവുമായി സാരൂപ്യപ്പെടുക മാത്രമല്ല, ആ ദിവ്യമായ സായൂജ്യത്തിലേക്കു അഥവാ ഏകത്വത്തിലേക്കു അവൻ നമ്മെ ക്ഷണിക്കുകയാണ്. നമ്മെ ഉയർത്തി ദൈവീകരിച്ച് അവന്റെ ദിവ്യാത്ഭുതങ്ങളെ ലോകത്തിനു വിളമ്പി തന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുവാനാണ് ദൈവം നമ്മെ ആക്കിയിരിക്കുന്നത്. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രതീക്ഷയും പ്രത്യാശയും എത്രമാ

ത്രമണെന്ന് പ്രിയപ്പെട്ട വായനക്കാരേ, നാം ആത്മാർത്ഥമായി സ്വയപരിശോധന നടത്തി നോക്കണം. എത്രയെത്ര സുവർണ്ണങ്ങളും സ്വർഗ്ഗീയങ്ങളുമാകുന്ന അവസരങ്ങളാണ് നമ്മുടെ ശ്രദ്ധക്കുറവുകൊണ്ടും മററു കാരണങ്ങളാലും നാം നഷ്ടപ്പെടുത്തിക്കളയുന്നത്. സമയം, നമ്മെ കാത്തുനിൽക്കില്ല. ആകയാൽ ഇനിയെങ്കിലും അവസരം നഷ്ടപ്പെടുത്തിക്കളയാതെ ദൈവത്തിങ്കലേക്കു നമ്മുടെ ദൃഷ്ടികളെ ഉയർത്തി ദൈവമഹത്വം കാണുവാനും ദൈവസ്വരം കേട്ട് നമ്മെ അകററുന്ന പാപങ്ങളോടും പ്രലോഭനങ്ങളോടും പൈശാചികങ്ങളോടും നമുക്കു യാത്ര പറയുവാനും പരിശ്രമിക്കാം. ദൈവത്തോടും തന്റെ വിശുദ്ധരോടും കൂടെ ചേർന്ന് നമുക്ക് വിശുദ്ധരാകുവാൻ ശ്രമിക്കാം. അവരുടെ സംസർഗ്ഗത്തിൽ നമുക്കു ജീവിക്കാം. അതിനേക്കാൾ ഉന്നതമായ നേട്ടമില്ല. അത് നേടുന്നവൻ ഭാഗ്യവാൻ, നേടുന്നവൾ ഭാഗ്യവതി.

താഴെപ്പറയുന്ന ചിലരുടെ ജീവിതാനുഭവങ്ങൾ നമ്മെ കൂടുതൽ ശക്തിപ്പെടുത്തുവാൻ സംഗതിയാകട്ടെ.

1. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി; (ഉല്പ്പത്തി 5:24)

   ഈ ഹാനോക്ക് 365 വർഷം ദൈവത്തോടുകൂടി നടക്കുകയും മെഥുശലേഹ് തുടങ്ങിയുള്ള പുത്രന്മാരുടേയും പുത്രിമാരുടേയും പിതാവുമായിരുന്നു. സാധാരണ മനുഷ്യരെപ്പോലെ ഒരു കുടുംബ ജീവിതക്കാരൻ അത്ഭുതകരമായ ജീവിതം കാഴ്ചവെച്ചവൻ. ദൈവത്തോടുകൂടെ എപ്പോഴും ആയിരിക്കാൻ തക്കവണ്ണം ദൈവം എടുത്തുകൊണ്ടവൻ. എത്ര വിസ്മയകരമായ ജീവിതം. ഇപ്രകാരം നമുക്ക് നമ്മെത്തന്നെ ദൈവത്തിനു കാഴ്ചവെച്ച് ദൈവത്തോടുകടെ എപ്പോഴും ആയിരിക്കുവാൻ സാധിക്കുമേ? അതിനുള്ള ഹൃദയം വേണം.

2. അവൻ വരുന്നതു യഹോവ കണ്ടപ്പോൾ ദൈവം മുൾപടർപ്പിൻെറ നടുവിൽനിന്നു അവനെ മോശെ മോശെ എന്നു വിളിച്ചു. അതിനു അവൻ: ഇതാ, ഞാൻ എന്നു പറഞ്ഞു. ആകയാൽ വരിക; .... നീ എൻെറ ജനമായ യിസ്രായേൽമക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിക്കേണ്ടതിന്നു ഞാൻ നിന്നെ ഫറവോൻെറ അടുക്കൽ അയക്കും. .... ഞാൻ നിന്നോടുകൂടെ ഇരിക്കും. (പുറപ്പാടു 3:4, 10,12)

   ഈ മോശ അവന്റെ ഭാര്യയുടെ പിതാവായ മിദ്യാനിലെ പുരോഹിതനായ യിത്രോവിന്റെ ആടുകളെ മേയിച്ച് ഹോറേബ് പർവ്വതത്തീനരികിലേക്കു വന്നു: അപ്പോൾ സംഭവിച്ചതാണ് മേൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങൾ. മോശ ഒരു കുടുംബജീവിതക്കാരനായിരുന്നു. നമ്മെ പലരേയുംപോലെ ഒരു വ്യാപാര ജീവിതത്തിൽ കഴിഞ്ഞ ആളായിരുന്നു. അവൻ വിക്കനും നാക്കു തടിച്ചവനുമാകുന്നു എന്ന അവന്റെ ബലഹീനതയെക്കുറിച്ച് അവൻ തന്നെ ഏററുപറയുന്നുണ്ട്. ദൈവം അവനെ വിളിക്കുന്നു. ദൈവം അവനോടു കൂടെയിരിക്കുന്നു. എത്ര മഹാത്ഭുതങ്ങളാണ് ദൈവത്തോടു കൂടെയിരുന്ന് അവൻ ചെയ്യുന്നത്. ഫറവോന്റെ അടുക്കലേക്കു അവൻ പോകുന്നു. ദൈവത്തോടെതിർക്കുവാൻ, ഈ ആടിനെ മേയിക്കുന്ന പാവപ്പെട്ട ആട്ടിടയനോടെതിർക്കുവാൻ, ഫറവേനെന്നല്ല, ലോകത്തിൽ ഒരു ശക്തിക്കും സാദ്ധ്യമല്ല. മോശയേയും യിസ്രായേലിനേയും ദൈവം രക്ഷിക്കുന്നു. ഫറവോനും അവന്റെ ബലവും ചെങ്കടലിൽ നശിച്ചുപോകുന്നു. പ്രിയ വായനക്കാരേ, നിങ്ങൾ ഇതു ശ്രദ്ധിപ്പിൻ.

   മോശയെ യിസ്രായേലിന്റെ രക്ഷിതാവായി അഥവാ വീണ്ടെടുപ്പുകാരനായി ദൈവം ആക്കുന്നു. യിസ്രായേൽ പല ക്ലേശങ്ങളും സഹിച്ചു എന്നു വരികിലും വാഗ്ദത്തനാട്ടിലേക്കു പ്രവേശിക്കുവാൻ അവരുടെ യാത്രയിൽ ചെങ്കടൽ മാറി അവർക്കു വഴിയൊരുക്കുന്നു. ഉയരത്തിൽ നിന്നും മന്നാ പൊഴിയുന്നു. കനകനാ പഴുത്ത പാറ ചിന്തിപ്പാൻപോലും കഴിയാത്തവിധത്തിൽ നദിയെ ഒഴുക്കുന്നു. വിസ്മയനീയം, വളരെ വിസ്മയനീയം! മോശയേ, നീ അത്ഭുതവാൻ! ദൈവത്തിന്റെ വിളി നീ കേട്ടു. ദൈവത്തോടുകൂടെ നീ സഞ്ചരിച്ചു. എപ്പോഴും ദൈവസ്വരം നീ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ദൈവത്തിൽനിന്നും മാറിപ്പോകുവാൻ നീ വിട്ടുകൊടുത്തില്ല, എന്നു മോശയേ, നീ തന്നെ പ്രവചിച്ചിട്ടുണ്ടല്ലോ. എന്നെപ്പോലെ ഒരു പ്രവാചകനെ ജനങ്ങളെ അവരുടെ പാപത്തിൽനിന്നും രക്ഷിപ്പാൻ ദൈവം നിങ്ങൾക്കെഴുന്നേൽപ്പിക്കും.

ഇപ്രകാരം നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം ഉണ്ടാകാനിരുന്ന രക്ഷയെക്കുറിച്ച് നീ പ്രവചിച്ചുവല്ലൊ! ദൈവത്തോടുകൂടെ നടക്കുന്നതുകൊണ്ടുള്ള പ്ര യോജനം, പ്രതിഫലം എത്രയെത്ര വലുത്! വിസ്മയനീയം! പ്രിയ വായനക്കാരേ, നമുക്കും ഈ നല്ല പാത തിരഞ്ഞെടുക്കാം. യേശു നിന്നെ വിളിക്കുന്നു, യേശു എന്നെ വിളിക്കുന്നു, യേശു നമ്മെ വിളിക്കുന്നു. മോശയെപ്പോലെ അവന്റെ വിളി കേൾക്കുവാനും അവനോടുകൂടെ സഞ്ചരിപ്പാനും അവനേപ്പോലെ ദൈവീകരിക്കപ്പെട്ട് ദൈവം ചെയ്യുന്ന മഹാത്ഭുതങ്ങൾ കാണുവാനും ആസ്വദിപ്പാനും അവന്റെ മഹത്വത്തിന്നായി പ്രവർത്തിപ്പാനും ദൈവം നമ്മോടു കരുണ ചെയ്യട്ടെ! അതിനായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

'ദൈവത്തിൽനിന്നും വൻകാര്യങ്ങളെ പ്രതീക്ഷിപ്പീൻ, ദൈവത്തിനുവേണ്ടി വൻകാര്യങ്ങളെ പ്രവർത്തിപ്പീൻ' എന്നാണല്ലൊ ഒരു മഹാത്മാവ് കല്പിച്ചിരിക്കുന്നത്.

3. അപ്പോൾ ഏലിയാവു തൻെറ പുതെപ്പു എടുത്തുമടക്കി വെള്ളത്തെ അടിച്ചു; അതു അങ്ങോട്ടും ഇങ്ങോട്ടും പിരിഞ്ഞു; അങ്ങനെ അവർ ഇരുവരും ഉണങ്ങിയ നിലത്തുകൂടി അക്കരെക്കു കടന്നു.... അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു; അങ്ങനെ ഏലിയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറി. (രാജാക്കന്മാർ 2:8-11)

ഏലിയാവിനെക്കൊണ്ട് ദൈവം പ്രവർത്തിച്ച വീര്യപ്രവർത്തികൾ അനവധി അനവ ധിയാണല്ലൊ. കർമ്മേൽ മലമേൽ അവൻ പ്രാർത്ഥിച്ചപ്പോൾ അഗ്നി ഇറങ്ങി. കെരീത്തോട്ടിൽ യഹോവയായ ദൈവം അവന് ഭക്ഷണവും പാനീയും നൽകി. സരപ്തയിലെ വിധവയുടെ കുടത്തിലെ മാവും കുററിയിലെ എണ്ണയും കുറയാതെ അത്ഭുതം പ്രവർത്തിച്ചു. ഇതിന്റെയൊക്കെയും പ്രത്യേകത ഒരു സാധാരണ മനുഷ്യനെപ്പോലെ അഥവാ എന്നേയും നിങ്ങളെയുംപോലെ ജനിച്ചു വളർന്നവനായ ആ പരിശുദ്ധൻ ദൈവത്തോടു കൂടെയിരുന്നു, ദൈവീകരണം പ്രാപിച്ചു എന്നതാണ്.

ഇന്നത്തെ ലോകത്തിന്റെ അത്യാവശ്യം ദൈവഭക്തന്മാർ ഉണ്ടാകണം എന്നുള്ളതത്രെ. ബുദ്ധിരാക്ഷസന്മാർ ധാരാളമുണ്ട്, സമ്പന്നന്മാർ ഏറെയുണ്ട്, കലാകാരന്മാർ കുറവല്ല, മററെല്ലാ സരണികളിലും സിദ്ധരും സമ്പന്നരും അനവധി അനവധിയുണ്ട്. എന്നാൽ ദൈവഭക്തരോ വിരളമായിരിക്കുന്നു. ഈ വരൾച്ചക്കു വിരാമമുണ്ടാകട്ടെ! അതിനായി നിങ്ങളേയും ബലഹീനനായ എന്നേയും ദൈവസന്നിധിയിൽ സമർപ്പിക്കാം.

4. മുൻപ് കണ്ട സംഭവങ്ങൾ എല്ലാം പഴയനിയമ പരിശുദ്ധന്മാരുടെ ജീവിതാനുഭങ്ങളായിരുന്നു. എന്നാൽ ഈ പറഞ്ഞിരിക്കുന്നവ പുതിയനിയമത്തിൽ ഉള്ള യാഥാർത്ഥ്യങ്ങളാണ്. പ രിശുദ്ധനായ പത്രോസ് ശ്ലീഹാ സാധാരണക്കാരിൽ സാധാരണ മനുഷ്യനായിരുന്നു. എന്നാൽ കർത്താവിന്റെ വിളികേട്ട് പത്രോസ് ശ്ലീഹാ തന്നെ പ്രസ്താവിക്കും പ്രകാരം സകലവും ഉപേക്ഷിച്ചു അവന്റെ പിന്നാലെ വന്നു. ഇപ്പോൾ അവൻ അത്ഭുതവാനായിത്തീർന്നു. അതുപോലെതന്നെ ശുശ്രൂഷക്കാരനായ സ്തേഫാനോസ് സഹദായും ദൈവസന്നിധിയിൽ ഉന്നതവാനായിത്തീർന്നു. അദ്ദേഹത്തിന്റെ മരണവേളയിൽ സ്വർഗ്ഗം വിശാലമായി തുറക്കപ്പെടുന്നു. തന്നെ സ്വീകരിപ്പാൻ നിൽക്കുന്ന യേശുവിനെ കാണുന്നു. ഇതൊക്കെയും എത്രയോ വിസ്മയനീയ കാര്യങ്ങളാകുന്നു. ദൈവത്തിനു വിധേ യപ്പെടുന്ന വ്യക്തികളെ ദൈവം എടുത്തുപയോഗിക്കുന്നു. സഹോദരങ്ങളേ, കാണുവിൻ. നിങ്ങളും ഞാനും ദൈവസന്നിധിയിൽ വിശുദ്ധരായിത്തീരട്ടെ.

'അപ്പോൾ പത്രൊസ്: വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളതു നിനക്കു തരുന്നു: നസറായനായ യേശുക്രിസ്തുവിൻെറ നാമത്തിൽ നടക്ക എന്നു പറഞ്ഞു അവനെ വലങ്കൈക്കു പിടിച്ചു എഴുന്നേല്പിച്ചു; ക്ഷണത്തിൽ അവൻെറ കാലും നരിയാണിയും ഉറെച്ചു അവൻ കുതിച്ചെഴുന്നേറ്റു നടന്നു; നടന്നും തുള്ളിയും ദൈവത്തെ പ ുകഴ്ത്തിയുംകൊണ്ടു അവരോടുകൂടെ ദൈവാലയത്തിൽ കടന്നു. (അ. പ്ര. 3:6-8)

അവനോ പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു ഉറ്റുനോക്കി, ദൈവമഹത്വവും ദൈവത്തിൻെറ വലത്തുഭാഗത്തു യേശു നിൽക്കുന്നതും കണ്ടു: ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിൻെറ വലത്തുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു. കർത്താവായ യേശുവേ, എൻെറ ആത്മാവിനെ കൈക്കൊള്ളേണമേ എന്നു സ്തെഫാനൊസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ

> കല്ലെറിഞ്ഞു. അവനോ മുട്ടുകുത്തി: കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ടു അവൻ നിദ്ര പ്രാപിച്ചു. (അ. പ്ര. 7:55, 56, 59, 60)

> ഹെരോദാവു അവനെ ജനത്തിൻെറ മുമ്പിൽ നിറുത്തുവാൻ ഭാവിച്ചതിൻെറ തലെ രാത്രിയിൽ പത്രൊസ് രണ്ടു ചങ്ങലയാൽ ബന്ധിക്കപ്പെട്ടവനായി രണ്ടു പടയാളികളുടെ നടുവിൽ ഉറങ്ങുകയായിരുന്നു; .... പെട്ടെന്നു കർത്താവിൻെറ ദൂതൻ അവിടെ പ്രത്യക്ഷനായി, അറയിൽ ഒരു വെളിച്ചം പ്രകാശിച്ചു. അവൻ പത്രൊസിനെ വിലാപ്പുറത്തു തട്ടി: വേഗം എഴുന്നേൽക്ക എന്നു പറഞ്ഞു അവനെ ഉണർത്തി; ഉടനെ അവൻെറ ചങ്ങല കൈമേൽ നിന്നു വീണു പോയി. ദൂതൻ അവനോടു: അരകെട്ടി ചെരിപ്പു ഇട്ടു മുറുക്കുക എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തു: നിൻെറ വസ്ത്രം പുതെച്ചു എൻെറ പിന്നാലെ വരിക എന്നു പറഞ്ഞു. അവൻ പിന്നാലെ ചെന്നു, ദൂതൻ മുഖാന്തരം സംഭവിച്ചതു വാസ്തവം എന്നു അറിയാതെ താൻ ഒരു ദർശനം കാണുന്നു എന്നു നിരൂപിച്ചു. അവർ ഒന്നാം കാവലും രണ്ടാമത്തേതും കടന്നു പട്ടണത്തിൽ ചെല്ലുന്ന ഇരിമ്പു വാതിൽക്കൽ എത്തി. അതു അവർക്കു സ്വതവെ തുറന്നു; അവർ പുറത്തിറങ്ങി ഒരു തെരുവു കടന്നു, ഉടനെ ദൂതൻ അവനെ വിട്ടുപോയി. (അ. പ്ര. 12:6-10)

ഇതുപോലെ അനവധി അത്ഭുത യാഥാർത്ഥ്യ സംഭവങ്ങൾ ദൈവത്തിന്റെ പരിശുദ്ധന്മാരുടെ ജീവിതാനുഭങ്ങൾ മുഖാന്തിരമായി വർണ്ണിക്കുവാനുണ്ട്. പ്രിയപ്പെട്ട വായനക്കാരെ, ഇപ്രകാരമുള്ള ജീവിതാനുഭവങ്ങൾ നിങ്ങൾക്കും ബലഹീനനായ എനിക്കും ജീവിതത്തിൽ വരാൻ പാടില്ല എന്നു ചിന്തിക്കുന്നത് അയുക്തവും അന്യായവുമാണ്. ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും നിങ്ങളേയും എന്നേയും സൃഷ്ടിച്ചിരിക്കുന്നത് നാം ദൈവത്തിന്റെ നിവാസമായി തീരുവാനും ആ ദൈവീക ദീപ്തി മററുള്ളവരിലേക്കു പകർന്നുകൊടുക്കുവാനുമാണ്.

ഒരു ശുഭ്രമായ ഗ്ലാസിൽ വീഴുന്ന സൂര്യരശ്മി പ്രകാശിക്കും. എന്നാൽ മണ്ണും അഴുക്കുകളും അതിൽ ആവരണം ചെയ്താൽ അതിന്മേൽ വീഴുന്ന രശ്മി പ്രകാശിപ്പാൻ കഴിയാതെ നഷ്ടപ്പെട്ടുപോകും. ദൈവത്തിന്റെ പരിശുദ്ധന്മാരും ശുദ്ധിമതികളുമാണ് ഈ ദൈവീകപ്രകാശം ലോകത്തിനു നൽകുന്നത്. ആകയാൽ ബലഹീനനായ നമുക്ക് നിങ്ങളെ ഓർപ്പിക്കാനുള്ളത് ഞാനും നിങ്ങളും ദൈവീകനിവാസങ്ങളായിത്തീരട്ടെ എന്നാണ്. എല്ലാ അശുദ്ധിയും പൈശാചികചിന്തകളും നമ്മിൽനിന്നും നീങ്ങിപ്പോകട്ടെ. നാം ദൈവികരിക്കപ്പെടട്ടെ! ആ ദൈവികപ്രഭ നമ്മിൽനിന്നും മററുള്ളവരിലേക്കു വ്യാപിക്കട്ടെ. നമ്മുടെ നന്മപ്രവർത്തികളാൽ ദൈവം മഹത്വപ്പെടട്ടെ. ഒരു ഭക്തനായ പിതാവ് തന്റെ ശിഷ്യന്മാരോടു ഇപ്രകാരം പ്രവചിക്കുകയുണ്ടയി: 'നമ്മെ കണ്ടവൻ കർത്താവിനെ കണ്ടിരിക്കുന്നു നമ്മെ കേട്ടവൻ കർത്താവിനെ കേട്ടിരിക്കുന്നു. നാമുമായി ഇടപെട്ടവൻ കർത്താവുമായി ഇടപെട്ടിരിക്കുന്നു.'

നിങ്ങളും ബലഹീനനായ നാമും ഇപ്രകാരം ആയിത്തീരട്ടെ. നമ്മെ കണ്ടവർ ദൈവത്തെ കാണട്ടെ. നമ്മെ കേട്ടവർ ദൈവത്തെ കേൾക്കട്ടെ. നാമുമായി ഇടപെടുന്നവർ ദൈവവുമായി ഇടപെടട്ടെ. നമ്മൾ ദൈവീകരിക്കപ്പെട്ട് ദൈവമക്കളായിത്തീരട്ടെ.

ഇത്രയും നാം എഴുതിയത് നമ്മുടെ കർത്താവ് നമുക്കു നൽകിയിരക്കുന്ന രക്ഷാമർമ്മങ്ങളെ സ്വീകരിച്ച വളരെ ചുരുക്കം പേരുടെ ജീവിതാനുഭവം മുഖാന്തിരമായി ഈ രക്ഷ എന്താണ്, എങ്ങനെയാണ് എന്നു ഗ്രഹിക്കുവാൻ മാത്രമാണ്. തുടർന്നു പാപത്തെക്കുറിച്ചും വീണ്ടെടുപ്പ് അഥവാ രക്ഷയെക്കുറിച്ചും പ്രതിപാദിക്കവാൻ നമ്മുടെ കർത്താവിൽ ശരണപ്പെട്ടുകൊണ്ട് ആഗ്രഹിക്കുന്നു. നിങ്ങൾ ഇവയെല്ലാം ആത്മാർത്ഥമായി പഠിക്കണമെന്നും പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരണമെന്നും, ദൈവകരുണയിൽ ആശ്രയിച്ച് ദൈവത്തിന്റെ അത്ഭുതവാന്മാരും അത്ഭുതമതികളും ആയിത്തീരണമെന്നും ബലഹീനനായ ഞാൻ ആഗ്രഹിക്കുന്നു.

രക്ഷ എന്ന വിഷയത്തിന്റെ ഉള്ളിലേക്കു നാം കയറി അതിന്റെ ഉണ്മ എന്താണെന്നു മനസ്സിലാക്കുവാൻ ശ്രമിക്കാം. രക്ഷ അഥവാ വീണ്ടെടുപ്പ് എന്നുള്ള വിഷയം എല്ലാ മതങ്ങളിലും വളരെ ആഴമുള്ള പ്രതിപാദ്യ വിഷയമാകുന്നു. എല്ലാ മതങ്ങളിലും രക്ഷ അഥവാ മോക്ഷം (മുക്തി) നേടുന്നതിനു മാനുഷികവും ബുദ്ധിപരവുമായ ഗൗരവഗവേഷണങ്ങൾ മനുഷ്യഅദ്ധ്വാനത്തിനു വിധേയമായി നടന്നുവരുന്നു. സ്നേഹസമ്പന്നനായ ദൈവം തന്റെ സ്നേഹാതിരേകത്താൽ മാനുഷിക ബലഹീനതയെ മനസ്സിലാക്കി രക്ഷയെ പ്രഖ്യാപനം ചെയ്തു പ്രദാനം ചെയ്യുന്ന ഒരു പ്രതീതിയാണ് ക്രൈസ്തവമതത്തിൽ ദൃശ്യമാകുന്നത്. മനുഷ്യാദ്ധ്വാനം ആവശ്യമാണെങ്കിലും ആ അദ്ധ്വാനം കൊണ്ടു മാത്രം കരസ്ഥമാക്കാവുന്ന കൃപയല്ല ഇത്. ദൈവകൃപയിൽകൂടി നേടേണ്ട ഒരനുഗ്രഹമാണ് ഇത് എന്നു ക്രൈസ്തവമതം വിശ്വസിക്കുന്നു. രക്ഷ ദൈവത്തിന്റെ കൃപയാലുള്ള

ദാനമാണ്. രക്ഷ എന്ന പദത്തിന് വിടുതൽ, സംരക്ഷണം, വീണ്ടെടുപ്പ് എന്നിങ്ങനെ പല അർത്ഥങ്ങളുമുണ്ട്. ആപത്തിൽനിന്നുള്ള വീണ്ടെടുപ്പ്, കടപരിഹാരം നൽകി ലഭിക്കുന്ന സഹായങ്ങളാൽ ഉള്ള ആശ്വാസം, ഇങ്ങനെയുള്ള ഏതു വിടുതലിനും മുക്തിക്കും രക്ഷ എന്നു പറയാവുന്നതാണ്.

എൻെറ ജീവനെ രക്ഷിപ്പാൻ എനിക്കു വലിയ കൃപ നീ കാണിച്ചിരിക്കുന്നു; പർവ്വതത്തിൽ ഓടി എത്തുവാൻ എനിക്കു കഴികയില്ല; പക്ഷേ എനിക്കു ദോഷം തട്ടി മരണം ഭവിക്കും. (ഉല്പ്പത്തി 19:19)

ഭൂമിയിൽ നിങ്ങൾക്കു സന്തതി ശേഷിക്കേണ്ടതിന്നും വലിയോരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിന്നും ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചിരിക്കുന്നു. (ഉല്പ്പത്തി 45:7)

സൂതികർമ്മിണികളോ ദൈവത്തെ ഭയപ്പെട്ടു, മിസ്രയീം രാജാവു തങ്ങളോടു കല്പിച്ചതുപോലെ ചെയ്യാതെ ആൺകുട്ടികളെ ജീവനോടെ രക്ഷിച്ചു. (പുറപ്പാട് 1:17)

ഇതാ, അവൻ നിൻെറ കയ്യിൽ ഇരിക്കുന്നു; അവൻെറ പ്രാണനെമാത്രം തൊടരുതു എന്നു കല്പിച്ചു. (ഇയ്യോബ് 2:6)

ബാബേലിൻെറ നടുവിൽ നിന്നു ഓടി ഓരോരുത്തൻ താന്താൻെറ പ്രാണനെ രക്ഷിച്ചുകൊൾവിൻ. (യിരെമ്യാവ് 51:6)

മേൽപ്രകാരമുള്ള ഏതു വിടുതലിനും മുക്തിക്കും രക്ഷ എന്നു പറയാവുന്നതാണ്. ന്യായാധിപന്മാർ 8:9; 1 ശമുവേൽ 19:11; 1 ശമുവേൽ 19:9; ഇയ്യോബ് 20:20; യിരെമ്യാവ് 51:45 മുതലായവ കൂടി ചേർത്തു പഠിക്കുക.

എബ്രായ ഭാഷയിൽ യീസാ, യീശായാഹ് എന്ന പദങ്ങൾകൊണ്ട് ദൈവത്താലുള്ള വീണ്ടെടുപ്പ്, സംരക്ഷണം, വീണ്ടെടുപ്പുകാരൻ [deliverer] രക്ഷകൻ എന്നെല്ലാമുള്ള ആശയങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അവർ ഉപയോഗിക്കുന്ന മറെറാരു പദം ഗ്ആൽ എന്നാണ് അതിനു രക്ഷിക്കുക [to redeem] , അന്യരുടെ അധീനതയിൽപോയ ആളിനേയോ വസ്തുവിനെയോ രക്ഷിച്ചു വീണ്ടെടുക്കുക, അടിമയായവന് പകരം കൊടുത്തു വിലക്കുവാങ്ങി സ്വതന്ത്രനാക്കുക എന്നെല്ലാമുള്ള ആശയമാണ് ഈ പദംകൊണ്ട് അർത്ഥമാക്കുന്നത്. യഹോവ ഇപ്രകാരം യിസ്രയേലിനെ വീണ്ടെടുക്കുന്ന പ്രഖ്യാപനം (ഗോയേൽ) വി. വേദപുസ്തകത്തിൽ കാണാവുന്നതാണ്.

പുഴുവായ യാക്കോബേ, യിസ്രായേൽപരിഷയേ, ഭയപ്പെടേണ്ടാ; ഞാൻ നിന്നെ സഹായിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു; നിൻെറ വീണ്ടെടുപ്പുകാരൻ യിസ്രായേലിൻെറ പരിശുദ്ധൻതന്നേ. (യെശയ്യാവ് 41:14)

നിങ്ങളുടെ വീണ്ടെടുപ്പുകാരനും യിസ്രായേലിൻെറ പരിശുദ്ധനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ....(യെശയ്യാവ് 43:14)

യിസ്രായേലിൻെറ രാജാവായ യഹോവ, അവൻെറ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ, ഇപ്രകാരം അരുളിച്ചെയ്യുന്നു: ... (യെശയ്യാവ് 44:6)

നിൻെറ വീണ്ടെടുപ്പുകാരനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു:... (44:24)

ഗ്രീക്കുഭാഷയിൽ 'രക്ഷ' എന്നതിന് ഉപയോഗിക്കുന്ന പദം 'സ്ഓസോ' ധദീപ എന്നതാണ്. അതിന്റെ അർത്ഥം രക്ഷിക്കുക, ജീവൻ നൽകി രക്ഷിക്കുക എന്നതാണ്. മറെറാരു പദം 'സ്ഓററീരിയ' ആണ്. അതിന്റെ അർത്ഥം വീണ്ടെടുപ്പ്, സുരക്ഷിതത്വം എന്നെല്ലാമാണ്. ഇത് അന്നത്തെ സാഹിത്യഭാഷയിൽ പെടുന്നതാണെന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

എബ്രായഭാഷയിലും യവനായഭാഷയിലും ഉപയോഗിച്ചിരിക്കൂന്ന പദങ്ങൾക്ക് 'ഫോറൂക്കോ', 'മഹിയോന' എന്നീ പദങ്ങളാണ് സുറിയാനി ഭാഷയിൽ ഉപയോഗിച്ചുകാണുന്നത്. അതിന്റെ അർത്ഥം രക്ഷിതാവ് അഥവാ വീണ്ടെടുപ്പുകാരൻ, ജീവിപ്പിക്കുന്നവൻ, മരണത്തെക്കൊന്നു പ

ുതുജീവൻ നൽകുന്നവൻ എന്നൊക്കെയാണ്. നമ്മുടെ കർത്താവിന്റെ ദിവ്യമായ ആ രക്ഷയെ ദർശിച്ചുകൊണ്ട് ആ ആത്മബോധത്തിൽ നിന്നും ഒഴുകി വരുന്നതായ അനുഭവ പ്രഖ്യാപനമാണ് ഈ പദങ്ങൾ, വി. വേദപുസ്തകത്തിൽ ഉപയോഗിച്ചുകൊണ്ട് ഏവൻഗേലിസ്ഥന്മാർ വ്യക്തമാക്കുന്നത്.

യിസ്രയേലിന്റെ ദൈവമായ യഹോവ യിസ്രായേലിനെ അവരുടെ എല്ലാ ആപത്തനർത്ഥ ങ്ങളിൽനിന്നും കഷ്ടനഷ്ടങ്ങളിൽനിന്നും അന്യശക്തികളുടെ എതിർപ്പുകളിൽനിന്നും യുദ്ധങ്ങളിൽനിന്നും രക്ഷിക്കുന്ന ഒരു ദൈവമാണെന്ന് അവർ വിശ്വസിച്ചിരുന്നു. ആകയാൽ 'നമ്മുടെ രക്ഷിതാവായ ദൈവമായ യഹോവ' എന്നു അവർ യഹോവയെ നിർലോഭം വിളിച്ചിരുന്നു. എന്നാൽ യിസ്രയേൽ ദൈവത്തിൽനിന്നും വഴുതിയുള്ള വീഴ്ചകളോ താഴ്ചകളോ ഉണ്ടാകുവാൻ തുടങ്ങുമ്പോൾ തന്നെ സംഭവിക്കാനിരിക്കുന്നതിനെക്കുറിച്ച് പ്രവാചകന്മാർ മുഖാന്തിരം ജനത്തെ അറിയിച്ചിരുന്നു. ഈ കഷ്ടനഷ്ടങ്ങളുടെ ഒക്കെയും അടിസ്ഥാനതത്വം അവർ ദൈവത്തിൽനിന്നും അന്യമായി പോകുന്നതിന്റെ കാരണമാണെന്നു ദർശകരും പ്രവാചകന്മാരും തറപ്പിച്ചുറപ്പിച്ച് പ്രസ്താവിച്ചിരുന്നു. ഇത് അവരുടെ ജീവിതത്തിൽ മാത്രമല്ല നമ്മുടേയും മററാരുടേയും അനുഭവമായി തെരുതെരെ സംഭവിക്കുന്ന യാഥാർത്ഥ്യങ്ങൾ മാത്രമാണ് എന്നത്രെ നാമും മനസ്സിലാക്കേണ്ടിയിരിക്കുന്നത്. അത് ഗ്രഹിക്കുന്നവർ ഭാഗ്യവാന്മാർ.

ക്രൈസ്തവവിശ്വാസത്തിൽ രക്ഷ എന്ന് നാം വിവക്ഷിക്കുമ്പോൾ അത് ശാരീരികമായോ ഭൗതീകമായോ ഉള്ള രക്ഷ മാത്രമല്ല ശരീരത്തിന്റെയും ആത്മാവിന്റെയും അഥവാ 'സമ്പൂർണ്ണ മനുഷ്യന്റെ രക്ഷ' എന്നാണ് നാം വിവക്ഷിക്കുന്നത്. അതു മാത്രമല്ല ഈ കാണുന്ന പ്രകൃതിയേയും പ്രപഞ്ചത്തേയും രക്ഷിച്ചു പരിപാലിക്കുന്ന ഒരു ദിവ്യമായ പ്രക്രിയയാണ് വിഭാവനം ചെയ്യുന്നത്. അത് ഒരു പുതിയ ലോകവും പുതുജീവനും പുതിയ വ്യവസ്ഥിതിയും ഒരു പുതിയ ആനന്ദവുമാകുന്നു. ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആദ്യ പിതാവിനെയും മാതാവിനെയും സൃഷ്ടിച്ചു. അവരെ തന്റെ സ്വർഗ്ഗീയ സാന്നിദ്ധ്യംകൊണ്ട് പരിപൂർണ്ണമായി അലങ്കരിച്ചിരുന്നു. ഏദൻ എന്ന പറുദീസയിൽ അവരെ ആക്കുകയും ചെയ്തു.

അവർക്കവിടെ ശിക്ഷണൈയ്കമായി ജീവിപ്പാൻ തക്കവണ്ണം ദൈവീകപ്രമാണങ്ങളെയും യഹോവ നൽകി. എന്നാൽ ദൈവം അവർക്കു കൊടുത്ത സ്വാതന്ത്ര്യം അഥവാ ദൈവഹിതാനുസരണത്തിനു വേണ്ടിയുള്ള സ്വാതന്ത്ര്യം സ്വാർത്ഥ മഹിമക്കായി ഉപയോഗിച്ചതിന്റെ ഫലമായി അവർ വീണു പ ാപികളായിത്തീരുക മാത്രമല്ല പറുദീസായിൽനിന്നും നിഷ്ക്കാഷിതരാകുകയും ചെയ്തു. ഇത് ഒരു ദൈവീകനീതിയുടെ നിവർത്തനമാണ്. പാപത്തിന്റെ ശമ്പളം മരണമത്രെ. പാപി ശിക്ഷിക്കപ്പെടേണം, ശിക്ഷിക്കപ്പെടും. ഇതിന്റെ ഉത്തരവാദിത്തം അവരവർക്കു തന്നെയാണ്. ഒരു കാര്യം നാം എല്ലാവരും മനസ്സിലാക്കണം. ശിക്ഷണ ജിവിതമാണു സ്വർഗ്ഗം. ശിക്ഷണരാഹിത്യമാണ് നരകം. എവിടെയെങ്കിലും സ്വർഗ്ഗം കാണണമെങ്കിൽ ശിക്ഷണമുള്ളിടത്തു അന്വഷിക്കേണ്ടതാണ്. എവിടെയെങ്കിലും നരകം ദർശിക്കണമെങ്കിൽ ശിക്ഷണരാഹിത്യമള്ളിടത്തു പോയാൽ മതി. ഇതു കുടുംബത്തേയും സമൂഹത്തേയും സംഘടനകളേയും സഭയേയും സാരമായി സ്പർശിക്കുന്ന സത്യമാണ്.

ഞാൻ നിനക്കും സ്ത്രീക്കും നിൻെറ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും; അവൻ നിൻെറ തല തകർക്കും ; നീ അവൻെറ കുതികാൽ തകർക്കും; (ഉല്പ്പത്തി 3:15) ഇവിടെ സ്ത്രീയുടെ സന്തതി എന്ന വാഗ്ദാനം പ്രത്യേകം ശ്രദ്ധേയമാണ്. എന്നു പറഞ്ഞാൽ, പ ുരുഷന്റേതല്ലാത്ത സ്ത്രീയുടേതു മാത്രമായ ഒരു സന്തതി ഉണ്ടാകും, ഉണ്ടാകണം. കന്യകയിൽനിന്നുള്ള നമ്മുടെ കർത്താവിന്റെ ജനനത്തെ യഹോവയാം ദൈവം മുൻകണ്ടുകൊണ്ട് സംസാരിക്കുകയായിരുന്നു. ഇത് എത്രയോ വിസ്മയനീയം. ഇവനാണ് സർപ്പത്തിന്റെ തലയെ ചതക്കുന്നവൻ. എന്താണ് ഇതിൽ നിന്നും വിശദമാകുന്നത്. സൃഷ്ടിയിൽനിന്നും അന്ധകാരത്തേയും തിന്മയേയും പൈശാചികത്തേയും ഉന്മൂലനം ചെയ്തു രക്ഷിക്കുന്ന ഏക രക്ഷിതാവ് കന്യകയിൽനിന്നും ജനിച്ച കർത്താവായ യേശുതമ്പുരാൻ എന്നല്ലേ ഈ പ്രഖ്യാപനം. സർപ്പം അവന്റെ കുതികാൽ തകർക്കുമെന്നു ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നു.

ഈ ദിവ്യരക്ഷയെ ഉളവാക്കുന്നത് പരീക്ഷണങ്ങളിൽകൂടിയും കഷ്ടാനുഭവങ്ങളിൽകൂടിയും ആണ് എന്നു ഇവിടെ വിശദീകരിക്കുന്നു. നമ്മുടെ കർത്താവിന്റെ പങ്കപ്പാടുകളും കഷ്ടാനുഭവവും കുരിശുമരണവും അതു മുഖാന്തിരമുള്ള രക്ഷയും വീണ്ടെടുപ്പും അല്ലേ ഈ വചനങ്ങളിൽ സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് ഈ അടിസ്ഥാനവാക്യം ആദ്യസുവിശേഷപ്രഖ്യാപനം [Proto evangelion] എന്നു പരിശുദ്ധ പിതാക്കന്മാർ എന്നു പേരു പറഞ്ഞിരിക്കുന്നത്. അവരുടെ ശിക്ഷയിൽ നാം ദൈവത്തിന്റെ നീതി കണ്ടുവെങ്കിൽ അവരുടെ ശിക്ഷയിൽ ദൈവത്തിന്റെ

കരുണയും സ്നേഹവും വിളിച്ചറിയിക്കപ്പെട്ടിരുന്നു. അതല്ലേ ഇവിടെ നാം കാണുന്നത്? അവർ ഒരേ സമയം രക്ഷിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. ദൈവം നീതിമാനും അതേസമയം കാരുണ്യവാനും സ്നേഹവാനുമാണ്. ദൈവം നീതിയും കരുണയും സ്നേഹവും തന്നെ. ഇതിനു ഉപോദ്ബലകമായി വി. വേദപുസ്തകത്തിൽ പഴയനിയമത്തിൽ പല പ്രഖ്യാപനങ്ങളുമുണ്ട്. 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനൂവേൽ എന്നു പേ ർവിളിക്കും.' (യെശയ്യാവ് 7:14)

നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു ; ആധിപത്യം അവൻെറ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാ ധാനപ്രഭു എന്നു പേർ വിളിക്കപ്പെടും. (യെശയ്യാവ് 9:6) പുറപ്പാടു പുസ്തകത്തിൽ മോശ മുഖാന്തിരം യിസ്രായേൽ ജനത്തെ ഫറവോന്റെ അടിമത്തത്തിൽനിന്നും പെസഹാ കുഞ്ഞാടിന്റെ രക്തം മുഖാന്തിരമായി വീണ്ടെടുത്ത് പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്കു കൊണ്ടുപേ ാകുന്നു. ആ രക്ഷാമാർഗ്ഗവും എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കെഴുന്നേൽപ്പിച്ചു തരുമെന്നുള്ള മോശയുടെ പ്രഖ്യാപനവും തുടങ്ങിയുള്ള സംഭവങ്ങളെല്ലാം നമ്മുടെ കർത്താവിനേയും അവൻ മുഖാന്തിരമുള്ള രക്ഷയേയും സൂചിപ്പിക്കുന്നു. പ. പൗലോസ് ശ്ലീഹാ ഈ പെസഹാ കുഞ്ഞാടിൽ നമ്മുടെ കർത്താവിനെ കാണുന്നു. '... നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ.' (1 കൊരിന്തി. 5:7) ഇവൻ ലോകസ്ഥാപനത്തിനു മുൻപെ തന്നെ കരളറുക്കപ്പെട്ട കുഞ്ഞാടാകുന്നു. ആകയാൽ നമ്മുടെ കർത്താവിന്റെ ആഗമനവും അവൻ മുഖാന്തിരം ഉളവാകുന്ന രക്ഷയും വെറും ഒരു ആകസ്മിക സംഭവമല്ല.

പഴയനിയമം നമുക്കു ഉപേക്ഷിക്കാവുന്നതോ മാററിവെയ്ക്കാവുന്നതോ അല്ല. നമ്മുടെ കർത്താവു തന്നെ കല്പ്പിക്കുന്നതു കേൾക്കുക. 'ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നതു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല.' (മത്തായി 5:17,1) പഴയനിയമം നമ്മുടെ കർത്താവായ യേശുമശിഹാ തമ്പുരാനെ ലക്ഷ്യമാക്കിയുള്ളതാണ്. നമ്മുടെ കർത്താവിനെ പ ഴയനിയമത്തിൽനിന്നും അകററിക്കഴിഞ്ഞാൽ അത് അകത്തു ഒന്നുമില്ലാത്ത മുട്ടത്തോടുപോലെ അഥവാ ഒരു വെറും പുറംതോടായിട്ട് അവശേഷിക്കുകയേയുള്ളു. അതുകൊണ്ടാണ് ജ്ഞാനിയായ ഒരു പിതാവ് ഇപ്രകാരം എഴുതിയിരിക്കുന്നത്. 'പഴയനിയമം പുതിയനിയമത്തിൽ വെളിപ്പെട്ടിരിക്കുന്നു.' [New Testament lies hidden in the Old Testament and Old Testament lies revealed in the New Testament] ഒരു നാളീകേരമെടുത്താൽ അതിന്റെ പരിപ്പും വെള്ളവും അതിന്റെ ഇതര അംശങ്ങളും നമുക്കു ആസ്വാദ്യമായി തോന്നാം എന്നാൽ അതിന്റെ പ്രധാനഭാഗം ഇതൊന്നുമല്ല. അതിന്റെ പ്രധാന കണ്ണിനകത്തു ഒരു തെങ്ങായിത്തീർന്ന് ഇതുപോലെയുള്ള അനേകം നാളീകേരങ്ങളെ പുറപ്പെടുവിക്കുന്ന ഒരു മുളയെ [Kernal] അതിൽ ദൈവം സം ഗ്രഹിച്ചിട്ടുണ്ട്. ഈ ദിവ്യമായ മുളയെയാണ് പഴയനിയമത്തിൽ നാം കാണുന്നത്. അത് നമ്മുടെ കർത്താവായ യേശുതമ്പുരാൻ തന്നെ. എബ്രായലേഖനകർത്താവ് ഈവക കാര്യങ്ങളെ എങ്ങനെ വീക്ഷിച്ചു എന്നു ശ്രദ്ധിക്കുന്നതു അർത്ഥവത്തായിരിക്കും. 'ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിന്നും അവകാശിയാക്കി വെച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി.' (എ ബ്രായർ 1:1- 2) ആകയാൽ പഴയനിയമത്തിലെ പ്രവാചകന്മാരും ദാർശനികരും നമ്മുടെ കർത്താവിനെ ലക്ഷ്യമാക്കുന്നു. നമ്മുടെ കർത്താവെന്നു നാം വിചാരിക്കുമ്പോൾ അവന്റെ മർമ്മപ്ര ധാനമായ വ്യാപാരം തന്റെ ദിവ്യമായ രക്ഷ അഥവാ വീണ്ടെടുപ്പാകുന്നു. പഴയനിയമ രഹസ്യങ്ങളുടെ മർമ്മപ്രാധാന്യം പ്രതിപാദിക്കുന്ന പുതിയനിയമത്തിലേക്കു വന്ന് ആ ദിവ്യവ്യാപ ാരങ്ങളെ സംബന്ധിച്ച് നമുക്കു ചിന്തിക്കുവാനും പഠിക്കുവാനും ശ്രമിക്കാം.

മുൻപൊരിടത്തു സ്ത്രീയുടെ സന്തതിയായ നമ്മുടെ കർത്താവ് യേശുതമ്പുരാൻ സർപ്പത്തിന്റെ തലയെ ചതച്ച് അവന്റെ വായിൽ നിന്ന് മാനവസഞ്ചയത്തെ, സൃഷ്ടിയെത്തന്നെയും രക്ഷിക്കുമെന്നും രക്ഷിക്കുന്നു എന്നും നാം കണ്ടുവല്ലോ. ഈ യേശുവാണ് നമ്മുടെ രക്ഷിതാവ്. യേശു എന്ന പദത്തിന്റെ അർത്ഥം തന്നെ രക്ഷിതാവ് എന്നാണ്. 'ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപലഭിച്ചവളേ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ടു എന്നു പ റഞ്ഞു. അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു: ഇതു എന്തൊരു വന്ദനം എന്നു വിചാരിച്ചു. ദൂതൻ

അവളോടു: മറിയയേ ഭയപ്പെടേണ്ട; നിനക്കു ദൈവത്തിൻെറ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന്നു യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവൻ ആകും; അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം അവന്നു കൊടുക്കും.' (ലൂക്കൊസ് 1:28-32) 'ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.' (ലൂക്കൊസ് 2:11-12)

മേൽപറഞ്ഞവ നമ്മുടെ കർത്താവായ യേശുതമ്പുരാനെക്കുറിച്ച് സ്വർഗ്ഗത്തിൽനിന്നും ഗബ്രിയേൽ മാലാഖ വന്ന് പരിശുദ്ധ മാതാവിനോടും, മാലാഖമാർ വന്ന് നിർമ്മലരായ ആട്ടിടയരോടും സാക്ഷിക്കുന്ന സ്വർഗ്ഗീയ ദൂതുകളാണ്. കർത്താവിന്റെ മുന്നോടിയായ യോഹന്നാൻ മാംദാന നമ്മുടെ കർത്താവിനെക്കുറിച്ച് സാക്ഷിക്കുന്നത് പ. യൂഹാനോൻ ശ്ലീഹാ തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: 'പിറ്റെന്നാൾ യേശു തൻെറ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു: ഇതാ, ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു. എൻെറ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നതുകൊണ്ടു എനിക്കു മുമ്പനായിത്തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ.' (യോഹന്നാൻ 1:29-30)

'പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തൻെറ ശിഷ്യന്മാരിൽ രണ്ടുപേരുമായി അവിടെ നില്ക്കുമ്പോൾ കടന്നുപോകുന്ന യേശുവിനെ നോക്കീട്ടു: ഇതാ, ദൈവത്തിൻെറ കുഞ്ഞാടു എന്നു പറഞ്ഞു. അവൻ പറഞ്ഞതു ആ രണ്ടു ശിഷ്യന്മാർ കേട്ടു യേശുവിനെ അനുഗമിച്ചു. യേശു തിരിഞ്ഞു അവർ പിന്നാലെ വരുന്നതു കണ്ടു അവരോടു: നിങ്ങൾ എന്തു അന്വേഷിക്കുന്നു എന്നു ചോദിച്ചു; അവർ: റബ്ബി, എന്നുവെച്ചാൽ ഗുരോ, നീ എവിടെ പാർക്കുന്നു എന്നു ചോദിച്ചു. അവൻ അവരോടു: വന്നു കാണ്മിൻ എന്നു പറഞ്ഞു. അങ്ങനെ അവൻ വസിക്കുന്ന ഇടം അവർ കണ്ടു അന്നു അവനോടുകൂടെ പാർത്തു; അപ്പോൾ ഏകദേശം പത്താം മണി നേരം ആയിരുന്നു. യോഹന്നാൻ പറഞ്ഞതു കേട്ടു അവനെ അനുഗമിച്ച രണ്ടുപേരിൽ ഒരുത്തൻ ശീമോൻ പത്രൊസിൻെറ സഹോദരനായ അന്ത്രെയാസ് ആയിരുന്നു. അവൻ തൻെറ സഹോദരനായ ശീമോനെ ആദ്യം കണ്ടു അവനോടു: ഞങ്ങൾ മശീഹയെ എന്നു വെച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു.' (യോഹന്നാൻ 1:35-41) ഇത്തരുണത്തിൽ ശമരിയസ്ത്രീ നമ്മുടെ കർത്താവിനെക്കുറിച്ചറിയിച്ച വചനം ശ്രദ്ധേയമാണ്. 'സ്ത്രീ അവനോടു: മശീഹ - എന്നുവെച്ചാൽ ക്രിസ്തു - വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചു തരും എന്നു പറഞ്ഞു.' (യോഹന്നാൻ 4:25)

പരിശുദ്ധനായ പത്രോസ് ശ്ലീഹായുടെ ഏററുപറച്ചിൽ ഇപ്രകാരമാണല്ലോ, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു എന്നുത്തരം പറഞ്ഞു. (വി. മത്തായി 16:16) ഊർശ്ലേമിൽ പാർത്തിരുന്ന നീതിമാനും യിസ്രയേലിന്റെ ആശ്വാസത്തിനായി കാത്തിരുന്നവനായ വൃദ്ധനായ ശെമവോനോട് ഉണ്ടായ അരുളപ്പാട് ഇപ്രകാരമാകുന്നു. 'കർത്താവിൻെറ ക്രിസ്തുവിനെ കാണും മുമ്പെ മരണം കാൺകയില്ല എന്നു പരിശുദ്ധാത്മാവിനാൽ അവന്നു അരുളപ്പാടു ഉണ്ടായിരുന്നു.'(ലൂക്കൊസ് 2:26) 'ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിൻെറ ജനമായ യിസ്രായേലിൻെറ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിൻെറ രക്ഷയെ എൻെറ കണ്ണു കണ്ടുവല്ലോ' എന്നു പറഞ്ഞു.' (ലൂക്കൊസ് 2:29-31)

ഇവിടെ വളരെ അർത്ഥവത്തായി തോന്നിയ ഒരു ഐതീഹ്യ സംഭവകഥ എന്റെ മനസ്സിൽ ഓർമ്മ വരുന്നു. അത് ഇപ്രകാരമാണ്. ഭക്തനായ ശെമവൂൻ ആ കാലത്തു വേദപുസ്തകം പകർത്തിയെഴുതുന്ന ഒരു ശാസ്ത്രിയായിരുന്നു. മഹത്വമുള്ളവനായ യെശയ്യാവ് 7:14 പകർത്തിയപ്പോൾ അദ്ദേഹത്തിനും സംശയം തോന്നി. 'കന്യക' എന്ന വാക്കിനു പകരം 'സ്ത്രീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും' എന്നെഴുതി. ദിവസം വൈകി രാത്രിയായി. പിറെറ ദിവസം രാവിലെ അദ്ദേഹം പേജ് മറിച്ചു നോക്കിയപ്പോൾ കന്യക എന്നു തിരുത്തിയിരിക്കുന്നു. ഇത് ആരുടേയോ മനുഷ്യകരങ്ങൾ പ്രവർത്തിച്ചതാണെന്നു കരുതി അദ്ദേഹം വീണ്ടും തിരുത്തി 'സ്ത്രീ' എന്നെഴുതി. പിറെറ ദിവസം അദ്ദേഹം ഈ ഭാഗം പ്രത്യേകിച്ചു സൂക്ഷിച്ചു. അപ്പോഴും കന്യക എന്നു തിരുത്തിയെഴുതിയിരിക്കുന്നു. അപ്രകാരം മൂന്നു പ്രാവശ്യം അദ്ദേഹത്തിനു അനുഭവമുണ്ടായി. അപ്പോൾ അദ്ദേഹം സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി യഹോവയോടു തിരിഞ്ഞ് യഹോവേ ഈ മർമ്മം എന്നെ അറിയിക്കേണമേ, എന്നു നിലവിളിച്ചു പ്രാർത്ഥിച്ചു. അപ്പോൾ അദ്ദേഹത്തിനു ലഭിച്ച ഉത്തരമാണ്. 'ഇതു നിന്റെ കണ്ണുകൊണ്ടുതന്നെ നീ കാണും, അതുവരെ നീ മരണം ആസ്വദിക്കയില്ല.' ഈ വെളിപാടാണ് ശെമവൂൻ ഉദ്ധരിച്ചുകൊണ്ട് പൈതലായ യേശുവിനെ എടുത്തുകൊണ്ട് പ്രഖ്യാപിച്ചത്.

'പലരിൽ നിന്നും ഭൂതങ്ങൾ; നീ ദൈവപുത്രനായ ക്രിസ്തു എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ടു പുറപ്പെട്ടുപോയി; താൻ ക്രിസ്തു എന്നു അവ അറികകൊണ്ടു മിണ്ടുവാൻ പോലും അവൻ സമ്മതിക്കാതെ അവയെ ശാസിച്ചു.' (വി. ലൂക്കൊസ് 4:41) 'അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ടു: ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു.' (വി. യോഹന്നാൻ 6:14)

'ശീമോൻ പത്രൊസ് അവനോടു: കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവൻെറ വചനങ്ങൾ നിൻെറ പക്കൽ ഉണ്ടു. നീ ദൈവത്തിൻെറ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു എന്നു ഉത്തരം പറഞ്ഞു.' (യോഹന്നാൻ 6:68-69) മിശിഹായെക്കുറിച്ച് യിസ്രായേൽ ജാതിക്കു ഉണ്ടായിരുന്ന വിശ്വാസം യഹോവയുടെ ദിവസം വരും എന്നും അന്നു രക്ഷിതാവ് എഴുന്നേൽക്കും, അവൻ പ്രതാപവാനായ രാജാവായി വന്ന് ശത്രുക്കളെ സംഹരിച്ച് സകല ശത്രുക്കളേയും സംഹരിച്ച് സകല ശത്രുക്കളെയും കീഴ്പ്പെടുത്തി യിസ്രായേലിന്നു രക്ഷ നൽകും എന്നായിരുന്നു. യിസ്രായേൽ ജാതിക്കു വലിയ വിജയം വരുത്തും എന്നായിരുന്നു അവരുടെ പ്രത്യാശയും പ്രതീക്ഷയും. എന്നാൽ കർത്താവായ യേശുതമ്പുരാൻ ഇവയെക്കുറിച്ച് പറയുന്നത് കേൾക്കുവീൻ. എന്റെ രാജ്യം 'ഐഹികമല്ല'. സ്വർഗ്ഗരാജ്യം നിങ്ങളിൽ തന്നെയാകുന്നു എന്നുള്ള കർത്താവിന്റെ കല്പനയും അനുസ്മരണീയമാണ്.

മഹാപുരോഹിതന്മാർ ചോദിക്കുന്നു: 'മഹാപുരോഹിതൻ പിന്നെയും അവനോടു: നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക എന്നു ഞാൻ ജീവനുള്ള ദൈവത്തെക്കൊണ്ടു ആണയിട്ടു ചോദിക്കുന്നു എന്നു പറഞ്ഞു.' യേശുതമ്പുരാൻ അതു സമ്മതിച്ചുകൊണ്ട് അദ്ദേഹത്തോടു ഉത്തരം പറയുന്നു. 'യേശു അവനോടു: ഞാൻ ആകുന്നു; ഇനി മനുഷ്യപുത്രൻ സർവ്വശക്തൻെറ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു എന്നു പറഞ്ഞു.' (വി. മത്തായി 26:63-64) താൻ വരുവാനിരിക്കുന്ന ക്രിസ്തു ആകുന്നു എന്നു നമ്മുടെ കർത്താവ് സമ്മതിച്ചു പറയുന്നതായി വേറെയും സാക്ഷികൾ ഉണ്ട്.

ശെമവൂൻകീപ്പാ നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നുത്തരം പറഞ്ഞപ്പോൾ യേശുതമ്പുരാൻ അവനോടു പ്രതികരിച്ചതു ഇപ്രകാരമായിരുന്നു: 'യേശു അവനോടു: ബർയോനാ ശീമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എൻെറ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയതു.' (വി. മത്തായി 16:17) വി. മർക്കോസ് 14:61,62 കാണുക.

ശമറായക്കാരത്തി സ്ത്രീയോട് മശിഹാ വരുമ്പോൾ സകലവും അറിയിച്ചുതരും എന്നു പറഞ്ഞപ്പോൾ യേശുതമ്പുരാൻ അവളോട് 'നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മിശിഹ എന്നു പറഞ്ഞു'. താഴെപ്പറയുന്ന വാക്യങ്ങൾകൂടെ വായിച്ചുപഠിക്കുക. (വി. യോഹന്നാൻ 7:41; 8:28; 11:27; അപ്പൊ: പ്രവൃത്തികൾ 17:3; 1 യോഹന്നാൻ 5:1 ; വി. മത്തായി 2:5-6). ഈ സാക്ഷ്യങ്ങൾ നമ്മൾ പരിശോധിച്ച് പഠിക്കുന്നതുകൊണ്ട് നമ്മുടെ കർത്താവായ യേശുമശിഹാ ആണ് നമ്മുടെ രക്ഷിതാവെന്നു അഥവാ ലോകത്തിന്റെ രക്ഷിതാവ് എന്നു വ്യക്തമാക്കുവാൻ കഴിയും.

പരിശുദ്ധനായ പത്രോസ് ശ്ലീഹാ ഇതു പരിശുദ്ധാത്മാവിൽ വളരെ സ്പഷ്ടമായിത്തന്നെ പ്രഖ്യാപിക്കുന്നത് ഇപ്രകാരമാണ്. 'വീടു പണിയുന്നവരായ നിങ്ങൾ തള്ളിക്കളഞ്ഞിട്ടു കോണിൻെറ മൂലക്കല്ലായിത്തീർന്ന കല്ലു ഇവൻ തന്നേ. മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല.' (അപ്പൊ: പ്രവൃത്തികൾ 4:11-12)

കർത്താവിന്റെ രക്ഷയെക്കുറിച്ച് ഓർക്കുമ്പോൾ വി. യോഹന്നാന്റെ സുവിശേഷത്തിലെ 1-ാം അദ്ധ്യായം 1-18 വരെയുള്ള വാക്യങ്ങൾ വളരെ ശ്രദ്ധേയമാണ്. വി. യോഹന്നാൻ തന്റെ സുവിശേഷമെഴുതുന്നത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. അദ്ദേഹം വിളിച്ചുപറയുന്നതു ശ്രദ്ധിക്കുക. 'എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു നിത്യജീവനുണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു.' (വി. യോഹന്നാൻ 20:23) ഒരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളട്ടെ. ശുദ്ധമുള്ള യോഹന്നാൻ രണ്ടാം അദ്ധ്യായത്തിൽ പ്രാരംഭിക്കുന്നു. കൊത്തിനെയിൽവെച്ച് വെള്ളം വീഞ്ഞാക്കിയ സംഭവത്തെത്തുടർന്ന് അത്ഭുതങ്ങളുടെ ഉന്നതവും ഉത്തമവുമെന്ന നിലയിൽ മരിച്ച് അഴുകിയവനായ ലാസറിനെ ഉയർപ്പിക്കുന്ന സംഭവം 11-ാം അദ്ധ്യായത്തിൽ വിവരിച്ചു കാണുന്നു. അതിനുശേഷം ദീർഘമായി സ്ഥിതി ചെയ്യുന്ന മററു പത്തു അദ്ധ്യായങ്ങളിലും ഒരു അത്ഭുതം പോലും വിവരിക്കുന്നില്ല. അദ്ദേഹത്തിനു തന്റെ

സുവിശേഷത്തിനു വേറെ ഒന്നും ആവശ്യമായിരുന്നില്ല. പ. തോമാശ്ലീഹായുടെ ഏററുപറച്ചിലിൽ താൻ ഹൃദയംഗമമായി പ്രഖ്യാപിച്ച 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്നുള്ള തന്റെ സുന്ദരവും സവിശേഷത നിറഞ്ഞതും സാരവത്തും ആയ ആ ദൈവശാസ്ത്ര പ്രഖ്യാപനം അതുപോലെ മറെറങ്ങുംതന്നെ കാണുന്നില്ല. അതിന്റെ എല്ലാം അടിയിൽ അടങ്ങിയിരിക്കുന്ന ദിവ്യമായ രഹസ്യം നമ്മുടെ കർത്താവിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഉള്ളിൽ കുടികൊണ്ടിരുന്ന ആശയമാണ്. അതു മറെറാന്നുമല്ല: നമ്മുടെ കർത്താവായ യേശു മശിഹാ തമ്പുരാൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന് മനുഷ്യനായിത്തീർന്നു, മനുഷ്യനെ രക്ഷിക്കുന്നതിന്.

ഈ കാര്യങ്ങളെക്കുറിച്ച് യോഹന്നാൻശ്ലീഹായുടെ പ്രതിപാദ്യങ്ങൾ അല്പംകൂടെയെങ്കിലും നാം സവിസ്തരമായി ഗ്രഹിക്കേണ്ടതുണ്ട്. വി. യോഹന്നാൻ ശ്ലീഹായെക്കുറിച്ച് നാം പഠിക്കുമ്പോൾ ചില പ്രത്യേകതകൾ ശ്രദ്ധിക്കേണ്ടതുണ്ട്. അദ്ദേഹം പരിശുദ്ധശ്ലീഹന്മാരിൽ ഇളയവനാകുന്നു. 'കർത്താവ് ഏററവും സ്നേഹിച്ച ശിഷ്യൻ' എന്നു അദ്ദേഹത്തെക്കുറിച്ച് പലവുരു ദൈവവചനത്തിൽ വർണ്ണിച്ചിട്ടുണ്ട്. (വി. യോഹന്നാൻ 13:23; 21:20). കർത്താവിനെ ഏററവും സ്നേഹിക്കുന്നവർക്ക് മാത്രമേ കർത്താവിന്റെ ഉള്ളിലുള്ള ഉണ്മയെ അറിയുവാൻ കഴിയൂ. കർത്താവു തന്നെ കല്പിക്കുന്നത് അങ്ങനെയാണല്ലൊ.

'പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു.' (വി. മത്തായി 11:25) ദൈവികമർമ്മങ്ങളെ തന്റെ മക്കൾക്കു ദൈവം വെളിപ്പെടുത്തി കൊടുക്കുന്നതായി പ. പൗലോസ് ശ്ലീഹായും അനേകപ്രാവശ്യം സാക്ഷീകരിച്ചിട്ടുണ്ട്. 'ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു.' (1 കൊരിന്ത്യർ 11:23) 'സഹോദരന്മാരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല പഠിച്ചിട്ടുമില്ല, യേശുക്രിസ്തുവിൻെറ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചതു.' (ഗലാത്യർ 1:11-12) ദൈവദർശിയായ പരിശുദ്ധ പൗലോസ് ശ്ലീഹായ്ക്കു ദൈവം തന്റെ രക്ഷാമർമ്മങ്ങളെ വെളിപ്പെടുത്തിക്കൊടുത്തു എന്ന് ഈ വാക്യങ്ങൾ ദൃഷ്ടാന്തീകരിക്കുന്നു.

പൗരസ്ത്യസഭയിലെ ഒരു പരിശുദ്ധ പിതാവ് പറയുന്നത് ഇപ്രകാരമാണ്. [More things I learned in my silence than what I got from my teachers] അതായത്, 'ഞാൻ എന്റെ ഗുരുക്കന്മാരിൽനിന്നും പഠിച്ചിട്ടുള്ളതിലും അധികം കാര്യങ്ങൾ എന്റെ മൗനത്തിൽനിന്നും പഠിച്ചു. ആരാധനയിലും ജീവിതത്തിലും ദൈവത്തെ മുഖാമുഖം ദർശിച്ചവർക്കായി, തന്നെ സ്നേഹിക്കുന്ന തന്റെ പ്രിയ മക്കൾക്കായി ദൈവം തന്റെ ദിവ്യരക്ഷാമർമ്മങ്ങളുടെ കലവറ കണക്കുകൂടാതെ തുറന്നുകൊടുക്കുന്നു. ഈ സത്യം വി. യോഹന്നാൻശ്ലീഹായുടെ ആശയങ്ങളിലും ദർശനീയമാണ്. അദ്ദേഹം ദൈവത്തെ സ്നേഹിച്ചതിനാൽ വിശുദ്ധമർമ്മങ്ങളെ ദൈവം തന്റെ പരിശുദ്ധാന്മാവിനാൽ വി. യോഹന്നാനു വെളിപ്പെടുത്തിക്കൊടുത്തു.

മററു സുവിശേഷ ഗ്രന്ഥകാരന്മാരുമായി താരതമ്യം ചെയ്യുമ്പോൾ വി. യോഹന്നാൻശ്ലീഹാ വളരെ ഒടുവിലാണ് സുവിശേഷവും ലേഖനങ്ങളും എഴുതുന്നത്. അപ്പോസ്തലൻ തന്റെ രചനകളിൽകൂടി അന്നു നിലവിലുണ്ടായിരുന്ന വിശ്വാസവിപരീതികൾക്കു യേശുക്രിസ്തു ആരാകുന്നു എന്നു ഉള്ളതുപോലെ മനസ്സിലാക്കിക്കൊടുക്കുവാൻ ശ്രമിക്കുകയായിരുന്നു ചെയ്തത്. തന്റെ സുവിശേഷത്തിന്റെ പ്രാരംഭ അദ്ധ്യായത്തിലെ 1 മുതൽ 18 വരെ വാക്യങ്ങൾ എങ്കിലും നാം ശ്രദ്ധിക്കാതിരുന്നാൽ കർത്താവായ യേശുതമ്പുരാനെക്കുറിച്ചും അവൻ നൽകുന്ന രക്ഷയെ സംബന്ധിച്ചും മനസ്സിലാക്കാൻ കഴിയാതെ അത് ഒരു തീരാനഷ്ടമായിത്തീരുന്നതാണ്. വി. യോഹന്നാൻശ്ലീഹാ സുവിശേഷം തുടങ്ങുന്നതിപ്രകാരമാണല്ലൊ: 'ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല.' (വി. യോഹന്നാൻ 1:1-3) 'അവനെ കൈക്കൊണ്ടു അവൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു...' (1:12) 'വചനം ജഡമായിതീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവൻെറ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവൻെറ തേജസ്സായി കണ്ടു.' (1:14) 'അവൻെറ നിറവിൽനിന്നു നമുക്കു എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിൻെറ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു.' (1:16-18)

യോഹന്നാൻ ശ്ലീഹായുടെ മേൽപറഞ്ഞ വാക്യങ്ങൾ പഠിക്കുമ്പോൾ പല പ്രധാനകാര്യങ്ങൾ നമ്മുടെ ശ്രദ്ധയെ ആകൃഷിക്കുന്നതായി അനുഭവപ്പെടുന്നുണ്ട്. വളരെ വളരെ ലളിതമായ ഭാഷ, വളരെ വളരെ ഉന്നതമായ ആശയങ്ങൾ! ഇത്രയും മൃദുലമായ രീതിയിൽ അഗാധങ്ങളായ മർമ്മങ്ങളെ വളരെ രസകരമായി വിവരിക്കുന്നതായ വി. യോഹന്നാൻ ശ്ലീഹായുടെ രചനരീതി: അവ പരിശുദ്ധാന്മാവിന്റെ കാവ്യങ്ങൾ മാത്രമാണ് എന്ന് ഈവക കാര്യങ്ങളെ ദൈവീകമായി വിലയിരുത്തുന്നവർക്കു ബോദ്ധ്യപ്പെടും.

അദ്ദേഹം തന്റെ സുവിശേഷം ആരംഭിക്കുന്നത്, 'ആദിയിൽ' എന്ന പദമുപയോഗിച്ചുകൊണ്ടാണ്. വി. വേദപുസ്തകമായ ഉല്പ്പത്തിയിലും 'ആദിയിൽ' എന്ന പദം ആരംഭമായിത്തന്നെ ഉപ യോഗിച്ചിട്ടുണ്ട്. 'ആദി' എന്നോ 'അവസാനം' എന്നോ അവയ്ക്കിടയിലുള്ള 'ഇട' എന്നോ ചിന്തിക്കുമ്പോൾ, സമയം, കാലം, നേരം എന്നി സാഹചര്യങ്ങളാണ് നമ്മുടെ ഹൃദയങ്ങളിൽ പ്ര തിബിംബിക്കുന്നത്. ഒരു കാര്യം നാം പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. ഈ സമയവും കാലവുമെല്ലാം സൃഷ്ടിയാകുന്നു. സൃഷ്ടിയെല്ലാംതന്നെ ഈ വചനം മുഖാന്തിരമാകുന്നു. 'സകലവും' അവൻ മുഖാന്തിരം ഉളവായി. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല. എന്നുള്ള യോഹന്നാൻ ശ്ലീഹായുടെ വാക്യത്തിൽ അവ സ്പഷ്ടമാണ്. ആകയാൽ ഈ 'ആദി' എന്നു പറയുന്ന ആ കാലാധീനതയിൽപെട്ട സാഹചര്യം സൃഷ്ടിയാണെങ്കിൽ, സൃഷ്ടിക്കു മുഖാന്തിരമായിത്തീർന്ന ആ വചനം മേൽപറഞ്ഞ 'ആദി' ക്കു മുൻപെ ഉള്ളവനായിരുന്നു എന്നതു സുവിദിതമാണല്ലൊ. സ്ഥലകാലാധീനരായ മനുഷ്യരായ നമുക്ക് അതിനു വിധേയമായി മാത്രമേ ചിന്തിക്കുവാൻ കഴിയു എന്നു വരികിലും, വി. യോഹന്നാൻ തന്റെ ആത്മീയ ഉൾക്കണ്ണുകൊണ്ട് ദർശിച്ച് വിഭാവനം ചെയ്യുന്നത് സൃഷ്ടിക്കപ്പെട്ടിരുന്ന 'ആദിക്കുമുമ്പുള്ള ഒരു ആദി' യെയാണ്. ചുരുക്കത്തിൽ ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു, എന്ന് പരിശുദ്ധ അപ്പോസ്തോലൻ വിവരിക്കുമ്പോൾ, 'കാലാധീനമല്ലാത്ത' അഥവാ 'ആദിയില്ലാത്ത' ഒരു ആദിയെയാണ് അദ്ദേഹം പരിശുദ്ധാന്മാവിൽ ദർശിക്കുന്നത്. കാലത്തിനു അതീതമെന്ന അവസ്ഥാവിശേഷത്തെക്കുറിച്ചാണ് 'നിത്യത' [Eternity] എന്നു നമുക്കു സങ്കൽപ്പിക്കുവാൻ കഴിയുന്നത്. Eternity എന്ന പദത്തിന്റെ ആശയം 'നിത്യത' എന്ന മലയാള പദം കൊണ്ട് പുർണ്ണമായി സംഗ്രഹിക്കാമോ എന്നെനിക്കു തോന്നുന്നില്ല. എത്തും പിടിയും ഇല്ലാത്തതും എന്നാൽ പ. യോഹന്നാൻ ശ്ലീഹാ ആന്തരികനേത്രംകൊണ്ട് ദർശിക്കുന്നതുമായ യാഥാർത്ഥ്യം നമുക്കു അനുഭവപ്പെടുത്തിത്തരുവാൻ കാലാതീതനായ ദൈവത്തോടും തന്റെ പ രിശുദ്ധാന്മാവിനോടും നമുക്കു പ്രാർത്ഥിക്കാം.

രണ്ടാമത്തെ പദം 'വചനം' എന്നതാണ്. അത് മേൽപറഞ്ഞതിലധികം സാരവത്തും ആഴവുമായി പ ഠിക്കേണ്ടതാണ്. മലയാളഭാഷയിൽ 'വചനം' എന്നു വിവർത്തനം ചെയ്തിരിക്കുന്നത് 'ലോഗോസ്' [logos] എന്ന ഗ്രീക്കുപദത്തിൽനിന്നുമാണ് മൂലഭാഷയിൽ 'ലോഗോസ്' എന്ന പ ദത്തിന് കൊടുത്തിരിക്കുന്ന പ്രാധാന്യം മലയാള തർജ്ജമയിൽ കൊടുത്തു കാണുന്നില്ല. ഞാനൊരു ഭാഷാ പണ്ഡിതനല്ലെന്നു സമ്മതിച്ചുകൊണ്ടുതന്നെ മേൽപറഞ്ഞ വിമർശനം രേഖപ്പെടുത്തുകയാണ്. മൂലഭാഷയിൽ 'ലോഗോസ്' എന്ന പദത്തിന് മുൻപെ ഒരു ചൂണ്ടുപദം [Ho] ഉപയോഗിച്ചിട്ടുണ്ട്. സുറിയാനി തർജ്ജമയിലും ഈ ചൂണ്ടുപദത്തിന്റെ അർത്ഥം വളരെ വ്യക്തമാകുമാറ് ആണ് തർജ്ജമ ചെയ്തിരിക്കുന്നത്. അതിന്റെ അർത്ഥം ഇത് ഒരു സാധാരണ വചനമല്ല: മറിച്ച് ഒരു 'പ്രത്യേക വചനം' ആണ് എന്ന് വിരൽ ചൂണ്ടിക്കൊണ്ട് ആണ് വി. യോഹന്നാൻ ശ്ലീഹാ എഴുതുന്നത്. 'ലോഗോസ്' എന്ന പദം 'ലെഗോ' [lego] എന്ന ഗ്രീക്കു പ ദത്തിൽ നിന്നും വന്നതാണ് എന്നു പറയപ്പെടുന്നു. ഇത് വളരെ അർത്ഥവ്യാപ്തിയുള്ള പദമാണ്. ഇതിനു ഹേതു, കാരണം, മുഖാന്തിരം, പ്രമാണം എന്നിവ കൂടാതെ പറയുക, സംസാരിക്കുക, വചിക്കുക എന്നീ അർത്ഥങ്ങൾ കൂടിയുണ്ട്. എബ്രായഭാഷയിൽ ഉപയോഗിച്ചുകാണുന്ന തത്തുല്യങ്ങളായ പദങ്ങൾ; 'അമാർ' 'ദാബാർ' എന്നിവയാണ്. സുറിയാനി ഭാഷയിൽ 'ഏമാർ', 'മാലേൽ' എന്നി പദങ്ങളും ഉപയോഗിച്ചു കാണുന്നു. 'മാലേൽ' എന്നതിന്റെ നാമരൂപമാണ് സുറിയാനിയിൽ 'മെൽസോ' എന്ന് ഉപയോഗിച്ചിരിക്കുന്നത്. ഇവയുടെയെല്ലാം അർത്ഥം മേൽപ റഞ്ഞതു തന്നെയാണ്.

ഉല്പത്തി പുസ്തകം വായിക്കുമ്പോൾ, സർവ്വ ചരാചരങ്ങളുടെയും സൃഷ്ടിയിൽ യഹോവയുടെ വചനത്തിനു വളരെ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. അത് ഉണ്ടായി. ദൈവത്തിന്റെ വചനമാണ് സൃഷ്ടിയെ ഉളവാക്കുന്നത്. സഷ്ടിയുടെ കാരണഭൂതൻ യഹോവയായ ദൈവവും അവന്റെ വചനവുമാണ്. ഇതു കൂടാതെ മററൊരു മർമ്മം കൂടി നാം ഇവിടെ ദർശിക്കുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പൊരുന്നയിരുന്നു. ഈയൊരു ആത്മീയ ദാർശനിക അനുഭവത്തിൽ കൂടി ഇവയെല്ലാം കാണുവാൻ ശ്രമിച്ച ഉല്പത്തിയുടെ ഗ്രന്ഥകാരൻ സൃഷ്ടിയെപ്പററിയുള്ള തന്റെ വർണ്ണനയിൽ പിതാവാം ദൈവത്തേയും ദൈവത്തിന്റെ

വചനത്തേയും ദൈവത്തിന്റെ പരിശുദ്ധാത്മാവിനേയും സംശയരഹിതമായി സസൂക്ഷ്മം, സ്പഷ്ടമായി ദർശിക്കുന്നുണ്ട്. ദൈവമാണ് സൃഷ്ടിക്കുന്നത്. ദൈവവും, ദൈവത്തിന്റെ വചനവും, ദൈവത്തിന്റെ പരിശുദ്ധാത്മാവും ദൈവത്തോടുകൂടിത്തന്നെ ഈ സൃഷ്ടിയിൽ വ്യത്യാസമെന്യെ ഭാഗഭാക്കുകളാണ്. ഇതു ഞാൻ പ്രസ്താവിക്കുമ്പോൾ എന്റെ മനസ്സിലുള്ള വിചാരവും വിശ്വാസവും ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ. ദൈവവും ദൈവത്തിന്റെ വചനവും ദൈവത്തിന്റെ പരിശുദ്ധാത്മാവും മൂന്ന് ആളത്വമായിട്ട് പ്രസ്താവിക്കപ്പെടുന്നുവെങ്കിലും വചനവും പരിശുദ്ധാന്മാവും പിതാവാം ദൈവത്തിന്റേതാണ്. ആ ത്രിയേക ദൈവത്തെ മററാർക്കും ഉൾക്കൊള്ളാൻ കഴിയാത്തവിധം ഉൾക്കണ്ണുകൊണ്ട് ദർശിച്ചുകാണുമ്പോൾ, ദൈവാത്മാവിൽ വർണ്ണിച്ചു വിവരിച്ചു കാണുമ്പോൾ എന്നെപ്പോലെയുള്ളവരുടെ ഹൃദയം വിസ്മയഭരിതമായിത്തീരുന്നതാണ്.

വി. യോഹന്നാൻ പ്രതിപാദിച്ചിരിക്കുന്ന പിതാവും, ദൈവത്തിന്റെ ഈ വചനത്തെയുംക്കുറിച്ച് പ്രവാചകന്മാർ അവരുടെ വെളിപാടുകളാൽ പഴയനിയമത്തിൽ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആ വചനത്തെ കണ്ടുകൊണ്ടാണ് പ. യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിന്റെ ആമുഖ അദ്ധ്യായത്തിന്റെ ആദിയിൽ 'ആദിയിൽ വചനമുണ്ടായിരുന്നു വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു..... ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല...' എന്നു വിവരിക്കുന്നത്. ഈ ദൈവീകവചനം ജഢമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ആകയാൽ പരിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ അനുഭവത്തിൽ നിന്ന്; നിത്യതയിൽ, ആദിയില്ലാത്ത ആദിയായിരുന്നവനും ദൈവമായിരുന്നവനും സർവ്വസൃഷ്ടിയുടേയും കാരണഭൂതനും ആയ വചനമായ ദൈവം ജഢമായി അഥവാ, മനുഷ്യനായിത്തീർന്നു എന്ന് പ്രസ്താവിക്കുമ്പോൾ, ഈ അവതരിച്ച യേശുക്രിസ്തു സാക്ഷത്തായ ദൈവമാകുന്നു എന്ന വിശ്വാസ പ്രഖ്യാപനമാണ് സുദൃഢമായി രേഖപ്പെടുത്തിയിരിക്കുന്നത്. പ. പൗലോസ്ശ്ലീഹാ ഫിലിപ്പ്യലേഖനം രണ്ടാം അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നതുപോലെ, അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണമെന്നു വിചാരിക്കാതെ ദാസരൂപമെടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താനൊഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി, മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. (ഫിലി. 2:6-8).

ലോഗോസ് എന്ന പദത്തിനു വേറൊരു പഞ്ചാത്തലവും കൂടിയുണ്ട്. അവയും സംബന്ധിച്ച് പ. യോഹന്നാൻശ്ലീഹാ ബോധവാനായിരുന്നു എന്നതു യാഥാർത്ഥ്യമാണ്. ഈ പദം ആദ്യമായി ഉപയോഗിച്ചത് ക്രിസ്തുവിനു ഏകദേശം 600 വർഷങ്ങൾക്കു മുമ്പെങ്കിലും എപ്പെസൂസിൽ ജീവിച്ചിരുന്ന ഹെരാക്ലീററസ് [Heraclitus] എന്ന ഒരു തത്വചിന്തകനാണ്. അദ്ദേഹം ഈ പ്രപഞ്ചത്തിന്റെ ഉല്പ്പത്തിക്കു കാരണമായ ഒരു 'കാരണം' [Reason] ഉണ്ടെന്നു വിശ്വസിച്ചു. ഈ മഹത്തായ 'കാരണം' സ്വയസ്ഥിതവും [Self-existing] സൃഷ്ടികർമ്മം നടത്തുവാൻ കഴിവുള്ളതും ആയ കാരണമാണ്. [Genetive Reason] 'കാരണം' ഇല്ലാതെ 'കാര്യം' ഉണ്ടാകുന്നില്ല. അതായത്, ഏതു കാര്യവും ഉളവാകുന്നതിന്റെ പിന്നിൽ അതിബൃഹത്തായ ഒരു കാരണമുണ്ട്. ഉണ്ടായതിനൊക്കെ ഉൺമാപൂർവ്വമായ ഒരു കാരണമുണ്ട്. ഈ കാരണം സ്വയസ്ഥിതമായ ഒരു ഹേതുഭൂതകത്വമാണ്. [Self existing Relational Principle] ഈ കാരണത്തെ അദ്ദേഹം 'ലോഗോസ്' എന്നാണ് അഭിസംബോധന ചെയ്തത്.

സ്റേറായിക് സിദ്ധാന്തത്തിന്റെ അടിസ്ഥാന ശില്പിയായ 'സ്യീനോ' [Zeno] ഹെറാക്ളീററസിന്റെ ഈ പഠിപ്പിക്കലിനെ ഒരു ദുർഗ്രഹ ഗൂഢാർത്ഥ കാര്യം പോലെ കരുതിയെങ്കിലും ക്രമേണ അതിൽ ആകൃഷ്ടനായി എന്നു പറയേണ്ടിയിരിക്കുന്നു. ലോഗോസിനെക്കുറിച്ചുള്ള ഈ വിശ്വാസം, ഈ പഠിപ്പിക്കൽ, സ്റേറായിക്ക് സിദ്ധാന്തികൾ പ്രചരിപ്പിച്ചതു മുഖാന്തിരമായി അലക്സന്ത്രിയായിലെ ഒരു യഹൂദനായിരുന്ന ഫിലോയും [Philo] ഇതിൽ ആകൃഷ്ടനായി. അദ്ദേഹം ഒരു യഹൂദനായിരിക്കെ പ്രപഞ്ചോൽപ്പത്തിക്കു നിദാനമായ Reason അഥവാ 'ലോഗോസിനേയും', യഹൂദാ പാരമ്പര്യത്തിൽ നിന്നും വരുന്ന വചനമായ ദൈവത്തേയും ഒരുമിച്ചുചേർത്ത് ചിന്തിക്കുവാൻ ശ്രമിച്ചു എന്നുള്ള അഭിപ്രായത്തെ നിരാകരിക്കുവാൻ കഴിയുന്നതല്ല.

പ. യോഹന്നാൻ ശ്ലീഹാ ഹെരാക്ളീററസിന്റേയോ, സ്യീനോയുടെയോ, ഫിലോയുടെയോ ശിഷ്യനല്ല എന്നു വരികിലും അവർ പറയുന്ന 'കാരണഭൂതനായ' ലോഗോസും വേദപുസ്തകത്തിൽ പ്രസ്താവിക്കുംപ്രകാരം 'സർവ്വവും സൃഷ്ടിച്ച വചനമായ ദൈവവുമാണ്'ജഡം ധരിച്ച് മനുഷ്യനായി മനുഷ്യവർഗ്ഗത്തെ പ്രപഞ്ചത്തോടുകൂടി രക്ഷിപ്പാനെഴുന്നള്ളിയ നസ്രായനായ യേശുക്രിസ്തു എന്നു പരിശുദ്ധാത്മാവിൽ പ്രഖ്യാപിക്കുകയാണ്. ആകയാൽ ഈ വചനം

തത്വജ്ഞാനികൾക്ക്, സിദ്ധാന്തികൾക്ക്, പ്രവാചകന്മാർക്ക് എന്നുവേണ്ട എല്ലാവരുടേയും നോക്കിപ്പാർപ്പും യഹൂദന്റേയും അയഹൂദന്റേയും പ്രത്യാശയും പ്രതീക്ഷയുമാണ്. ഈ വചനമാണ്, സർവ്വചരാചരങ്ങളുടേയും കാരണഭൂതനും സൃഷ്ടാവും വീണ്ടെടുപ്പുകരനും സംരക്ഷകനും. അവൻ മാത്രമാണ് എല്ലാവരുടേയും എല്ലാററിന്റേയും ഏക ത്രാതാവ്. ഈ ആശയം പണ്ഡിതോചിത ഭാഷയിൽ വി. യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽ 1-ാം അദ്ധ്യായത്തിന്റെ ആമുഖവാക്യത്തിൽ സുവ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്നു.

വി. യോഹന്നാൻശ്ലീഹാ വീണ്ടും എടുത്തുപറയുന്ന ഒരു പ്രധാന സംഗതി; ദൈവം ജഡമായിത്തീർന്നു അഥവാ മനുഷ്യാവതാരം ചെയ്തു എന്നതാണ്. കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള പ. യോഹന്നാൻ ശ്ലീഹായുടെ ആത്മീയദർശനം വളരെ വ്യക്തമായി അദ്ദേഹം വർണ്ണിച്ചിട്ടുണ്ട്. പിതാവായ ദൈവത്തിന്റെ ഏകജാതനാണ് ഈ മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു എന്നുള്ള ദൃഢമായ സത്യമാണ് യോഹന്നാൻ ശ്ലീഹായുടെ വിശ്വാസം. അപ്പോസ്തോലൻ വീണ്ടും പറയുന്നത്; ന്യായപ്രമാണം മോശ മുഖാന്തിരം ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തിരം ഉളവായി. പിതാവാം ദൈവത്തിന്റെ തേജസ്സ് അവന്റെ പുത്രനായ യേശുക്രിസ്തുവിൽ.. പ. യോഹന്നാൻശ്ലീഹാ ദർശിച്ചു.

വി. യോഹന്നാൻശ്ലീഹാ ഇവിടെ വർണ്ണിച്ചിരിക്കുന്ന കൃപയും സത്യവും പിതാവാം ദൈവത്തിന്റെ തേജസ്സും പ. യോഹന്നാൻശ്ലീഹായുടെ ഇനി പറയുന്ന വാക്യങ്ങൾ ചിന്തിക്കുമ്പോൾ നമുക്കു വ്യക്തമാകുന്നതാണ്. 'ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലമൊരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പ ിന്നേയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. തോമസ് അവനോട്: കർത്താവേ, നീ എവിടെ പോകുന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു. യേശു അവനോട്: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു. ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു. അവനെ കണ്ടുമിരിക്കുന്നു എന്നു പറഞ്ഞു. ഫിലിപ്പോസ് അവനോട്: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം; എന്നാൽ ഞങ്ങൾക്കു മതി എന്നു പറഞ്ഞു. യേശു അവനോടു പറഞ്ഞത്: ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പ ിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നു നീ പറയുന്നത് എങ്ങനെ? ഞാൻ പിതാവിലും പ ിതാവ് എന്നിലും ആകുന്നു എന്നു വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്. പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും എന്നു വിശ്വസിപ്പിൻ. അല്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ. (വി. യോഹന്നാൻ 14:3-11)

ആകയാൽ യേശുക്രിസ്തു ദൈവമാണ്. ദൈവതേജസ്സാണ് അവനിൽ വെളിപ്പെട്ടിരിക്കുന്നത്. വി. യോഹന്നാൻ ശ്ലീഹാ പ്രഖ്യാപിക്കുംപ്രകാരം അവനാണ് സത്യം. അവന്റെ കൃപയാൽ നാമെല്ലാവരും രക്ഷയും ജീവനും കരസ്ഥമാക്കുന്നു. അവനിൽനിന്നു മാത്രമെ ഇതു സാദ്ധ്യമാകു.

മുൻഭാഗങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന 'ദിവ്യരക്ഷാ മർമ്മങ്ങളെ' കുറിച്ച് ഒരു പ്രതിമ അഥവാ ഒരു പ്രതിരൂപം വരച്ചുകാണിക്കുവാൻ നാം ആഗ്രഹിക്കുമ്പോൾ രണ്ട് പ്രധാന സംഭവങ്ങളാണ് എന്റെ മനസ്സിൽ പൊന്തിവരുന്നത്. ഒന്ന്: മിസ്രയിമിൽ ഫറവോന്റെ അടിമത്തത്തിൽനിന്ന് യിസ്രയേലിനെ വീണ്ടെടുക്കുന്ന ചിത്രം. രണ്ട്: ഏദൻതോട്ടത്തിൽനിന്ന് ബഹിഷ്കൃതരായ ആദാമാനേയും ഹവ്വായേയും അവരുടെ സന്താനങ്ങളെയും തോട്ടത്തിലേക്കു തിരിച്ചു പ്രവേശിപ്പിക്കുന്ന കരുണാപ ൂർണ്ണവും സ്നേഹസമ്പന്നവുമായ പ്രവർത്തനം. ഇവ ഓരോന്നിനേയും കുറിച്ച് ഏതാനും ചില ആശയങ്ങൾകൂടി ചേർത്തുകെള്ളട്ടെ.

ഒന്നാമത്തെ സംഭവത്തെ വളരെ ദീർഘമായി പുറപ്പാടു പുസ്തകം 5-ാം അദ്ധ്യായം മുതൽ വിവരിച്ചിരിക്കുന്നു. ആ വാക്യങ്ങളെല്ലാം പൂർണ്ണമായി ഇവിടെ ഉദ്ധരിക്കുവാൻ നാം തുനിയുന്നില്ല. ദൈവത്തിന്റെ ജനമായ ഇസ്രയേൽ മിസ്രയിമിലേക്കു അയക്കപ്പെട്ടു. ഫറവോൻ ആദ്യം നല്ലവനും യൗസോഫിനെ അറിയുന്നവനുമായിരുന്നു. എന്നാൽ പിന്നീടുള്ള ഫറവോന്മാരിൽ ആ സദ്ഗുണം നഷ്ടപ്പെട്ടുകൊണ്ടിരുന്നു. മോശയുടെ കാലത്തും അതിനു തൊട്ടുമുമ്പും ഉണ്ടായിരുന്ന ഫറവോന്മാർ ദുഷ്ടരും കഠിനഹൃദയരും യൗസേഫിനെ അറിയാത്തവരുമായിരുന്നു. ഇവർ ഇ സ്രയേൽ ജനത്തെ അസ്സഹനീയമായ നിലയിൽ പീഠിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ഞെരുക്കുകയും ചെയ്തിരുന്നു. ദൈവത്തിന്റെ ദാസനായ മോശയോടു മാത്രമല്ല; ദൈവത്തിന്റെ

എല്ലാ അത്ഭുതങ്ങളെയും അവന്റെ കൺമുമ്പിൽ കണ്ടിട്ടും അറിഞ്ഞിരുന്നിട്ടും അവൻ അവയോടും എതിർത്തുനിൽക്കുകയാണ് ചെയ്തത്. അങ്ങനെ പൈശാചികതയുടെ ഒരു മൂർത്തിയായി അവൻ പരിണമിക്കുകയായിരുന്നു. ഇത് നാമും നമ്മുടെ അനുഭവത്തിൽ സൂക്ഷ്മതയോടെ ശ്രദ്ധിക്കേണ്ട പ്രത്യേക യാഥാർത്ഥ്യങ്ങളാണ്. ഇത്തിൾക്കണ്ണിപോലെ പാപം നമ്മിൽ പ്രവേശിക്കും. ആദ്യം അത് വളരെ ലഘുവായ കാര്യങ്ങളിൽകൂടി ആയതിനാൽ നാമും അത് ശ്രദ്ധിച്ചുവെന്നു വരികയില്ല. അത് മെല്ലെ വളർന്ന് അതിനേക്കാൾ ഗൗരവതരങ്ങളായ പാപങ്ങളിലേക്കു നമ്മെ നയിക്കുന്നു. ഇത് വളരെ വലിയ തിന്മയിലേക്ക് നമ്മെ കൊണ്ടുവരുന്നു. അപ്പോഴും നമുക്ക് അതിനെ കാണുവാനും അറിയുവാനും അതിനോടു എതിർക്കുവാനും സാദ്ധ്യമല്ലാത്ത നിലയിൽ അത് നമ്മുടെ ആത്മീയ കണ്ണുകളെ തിമിരം ബാധിച്ചതുപോലെ പ്രകാശരഹിതമായിരിക്കും.

ഒരു ഭക്തൻ പ്രസ്താവിക്കുന്നപ്രകാരം; ഒരു പാപം അതിനു മുമ്പ് ചെയ്ത ഒരു പാപത്തിന്റെ അനന്തരഫലമാണ്; [Each sin is the consequence of a previous sin] അവസാനം ആ ചെറിയ ഇത്തിൾക്കണ്ണികൾ പടർന്നു പന്തലിച്ച്, ഏതു മരത്തിലാണോ അതു ചുററിപിടിച്ചിരിക്കുന്നത് ആ മരത്തെ നിശ്ശേഷം ഉണക്കിക്കരിച്ച് ഇല്ലാതാക്കും. അതാണ് കർത്താവും കൽപ്പിക്കുന്നത്. എല്ലാ പ ാപങ്ങളും ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനു എതിരെയുള്ള പാപങ്ങൾക്കോ നിത്യമായ മോചനമില്ല. എന്നു പറഞ്ഞാൽ, പരിശുദ്ധാത്മാവിന് ആ വ്യക്തിയിൽ ഒരിക്കലും പ്രവേശിച്ച് പ്ര വർത്തിപ്പാൻ സാദ്ധ്യമല്ലാത്തവിധം അയാളുടെ ഹൃദയം അടച്ചുപൂട്ടപ്പെടും. കർത്താവ് കൽപ്പിക്കുന്ന പ്രകാരം, ആ വ്യക്തിയത്രെ നരകയോഗ്യനായിത്തീരുന്നത്. ആകയാൽ ഏററവും ചെറുതും സൂക്ഷ്മദർശിനി ഉപയോഗിച്ചുനോക്കിയാൽ പോലും കാണാത്തതുമായ ഒരു തിന്മ പേ ാലും തന്നിൽ പ്രവേശിക്കാൻ അനുവദിക്കാതെ സൂക്ഷിക്കുന്ന മനുഷ്യൻ ഭാഗ്യവാനാണ്. ഈ ഭാഗ്യം നിങ്ങൾക്കും ബലഹീനനായ എനിക്കും ലഭിക്കട്ടെ.

പൈശാചികമായ ഫറവോന്റെ അടിമയിൽ കിടന്ന ദൈവത്തിന്റെ ജനമായ ഇസ്രയേൽ അഴലുകൾ ഉഴലുകയും, വിഷമിച്ചു വലഞ്ഞ് വിഷാദിച്ചു കഴിയുകയുമായിരുന്നു. ഈ ദുഃഖിതജനത്തെ രക്ഷിക്കുവാൻ യഹോവയായ ദൈവം തന്റെ കരുണയാലും കൃപയാലും പ്രത്യക്ഷനാകുകയാണ് ചെയ്തത്. രക്ഷ ദൈവത്തിന്റെ ദാനമാണ്. അത് യഹോവയായ ദൈവത്തിൽ നിന്നും വരുന്നു. 'കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിൻെറ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.' (എഫെസ്യർ 2:8-9) സങ്കീർത്തനക്കാരൻ പറയുന്നതു കേൾക്കുക: 'ഞാൻ എൻെറ കണ്ണു പർവ്വതങ്ങളിലേക്കു ഉയർത്തുന്നു; എനിക്കു സഹായം എവിടെനിന്നു വരും? എൻെറ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽനിന്നു വരുന്നു.' (സങ്കീർത്തനങ്ങൾ 121:1,2) നമുക്കും നമ്മുടെ ദൃഷ്ടികളെ സ്വർഗ്ഗത്തിലേക്ക്, ആ സ്വർഗ്ഗീയ പർവ്വതത്തിലേക്കു, ഉയർത്താം നമ്മുടെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച യഹോവയിൽനിന്നു വരട്ടെ. അത് വരും, നിശ്ചയമാണ്.

ഇവിടെ യിസ്രായേല്യരെ രക്ഷിപ്പാൻ യഹോവയായ ദൈവം മോശയുടെ സഹകരണം ആവശ്യപ്പെടുന്നു. മോശ യഹോവയുടെ ആവശ്യത്തിനു വിധേയനാകുന്നു. പ്രയാസങ്ങളില്ലാതെ, സുഖകരമായ ഒരു ജോലിക്കുവേണ്ടി - ഉത്തരവാദത്തിനുവേണ്ടി - അല്ലായിരുന്നു യഹോവ മോശയെ വിളിച്ചത്. യഹോവക്കുവേണ്ടി, യഹോവയുടെ ദിവ്യരക്ഷ തന്റെ ജനമായ യി സ്രയേലിനു പകർന്നുകൊടുക്കുവാൻ വേണ്ടി, മോശ സഹിച്ച കഷ്ടപ്പാടുകൾ വർണ്ണനാതീതമാണ്. അത് സത്യമാണ്, നീതിയാണ്. കാരണം; കർത്താവ് ഒരാളിനെ വിളിച്ചാൽ തന്റെ കുരിശെടുക്കുവാനാണ് അവനെ അഥവാ അവളെ വിളിക്കുന്നത്. എന്തുകൊണ്ടെന്നാൽ കർത്താവ് അവനുവേണ്ടി, അവൾക്കു വേണ്ടി മരിച്ചു. ആ ദിവ്യസ്നേഹം നമുക്കും ലഭിക്കണമെങ്കിൽ അവന്റെ മരണത്തിൽ നാമും പങ്കുകൊള്ളേണം. ലോകരക്ഷിതാവായ യേശുക്രിസ്തുവിനെക്കുറിച്ച് മോശയും പ്രവചിച്ചിട്ടുണ്ട്. 'ദൈവം നിങ്ങളുടെ സഹോദരന്മാരിൽ നിന്നു എന്നെപ്പോലെ ഒരു പ്ര വാചകനെ നിങ്ങൾക്കു എഴുന്നേല്പിച്ചു തരും എന്നു യിസ്രായേൽമക്കളോടു പറഞ്ഞ മോശെ അവൻ തന്നേ.' (അപ്പൊ: പ്രവൃത്തികൾ 7:37) മോശ യിസ്രയേല്യരെ രക്ഷിച്ചതുപോലെ ആ പ്ര വാചകനും ലോകത്തെ രക്ഷിക്കും. ഇത് നാം ചിന്തിക്കുമ്പോൾ നമുക്കും ഒരു ധർമ്മമുണ്ടെന്നത് വിസ്മരിക്കരുത്. മോശയെ ദൈവം ഉപയോഗിച്ചതുപോലെ തന്റെ ദിവ്യമായ വീണ്ടെടുപ്പിന്റെ പ്ര വർത്തനങ്ങൾ തുടർന്നുകൊണ്ടു പോകുന്നു. ഈ ദൈവീക പദ്ധതിയിൽ നമ്മെ ഓരോരുത്തരേയും ഉപയോഗിക്കണമെന്നു നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. ദൈവസന്നിധിയിൽ മോശപ്പോലെ നമ്മെയും അടിയറവെയ്ക്കാം.

മറെറാരു ശ്രദ്ധേയമാ കാര്യം, ഫറവോന്റെ അടിമത്വത്തിൽ നിന്നും യിസ്രയേല്യരെ വീണ്ടുകൊണ്ടത് പെസഹാക്കുഞ്ഞാടിന്റെ രക്തമാണ്. ഈ പെസഹാ കുഞ്ഞാടിൽ ലോകത്തിന്റെ പാപത്തെ

വഹിക്കുന്ന ആ സ്വർഗ്ഗീയ കുഞ്ഞാടിനെ കണ്ടിരുന്നു. അതല്ലെ പ. പൗലോസ് ശ്ലീഹാ വർണ്ണിക്കുന്നത്: 'നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ.' (1 കൊരിന്ത്യർ 5:7) വലിയവനായ മോശയുടെ ദിവ്യങ്ങളായ അത്ഭുതങ്ങളെ കണ്ടിട്ടും ഫറവോൻ കീഴ്വഴങ്ങിയില്ല. ഇതുപോലെ കർത്താവിനുമുൻപ് പ്രവചനങ്ങളും ന്യായപ്രമാണങ്ങളും മററും ഉണ്ടായിരുന്നിട്ടും പൂർണ്ണമായ രക്ഷ പ്രാപിപ്പാൻ പൂർണ്ണനായ കുഞ്ഞാടിന്റെ അഥവാ നമ്മുടെ കർത്താവായ യേശുമശിഹാതമ്പുരാന്റെ തിരുബലി ആവശ്യമായി വന്നു. അതാണല്ലോ, യോഹന്നാൻ സ്നാപകൻ കർത്താവിനെ നോക്കിക്കൊണ്ട്, 'ഇതാ, ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു.' (യോഹന്നാൻ 1:29) എന്നു പ്രസംഗിച്ചത്.

അത്ഭുതകരമായ ഒരു സംഹാരബലി അഥവാ സാത്താന്റെ പരാജയം മിസ്രയിമിലെങ്ങും പ്രത്യക്ഷമായി. ഇസ്രയേലിനെ വാഗ്ദത്തനാടായ പാലും തേനുമൊഴുകുന്ന കനാൻദേശത്തേക്കു പോകുവാൻ സ്വതന്ത്രമായി വിട്ടു. ഈ സ്വാതന്ത്ര്യമത്രെ അതിന്റെ സമ്പൂർണ്ണ സ്ഥിതിയിൽ കർത്താവായ യേശുക്രിസ്തുവിൽകൂടി നമുക്കും ലഭ്യമാകുന്നത്.

ഇവിടെ നമുക്ക് ആത്മീയമായി കാണുവാൻ കഴിയുന്ന വേറൊരു സംഗതി സാത്താൻ പിന്നെയും എതിർക്കുന്നു എന്നുള്ളതാണ്. ഒരു കാര്യം നാമാരും വിസ്മരിക്കരുത്. സാത്താന്റെ പോരാട്ടം ലോകാവസാനത്തോളം ഉണ്ടായിരിക്കും. അത് ആരിൽനിന്നും അകന്നിരിക്കുന്നതുമല്ല. ആർക്കും അത് അറിയുവാനും സാദ്ധ്യമല്ല. മരുഭൂമിയിൽവെച്ച് കർത്താവിനെ പരീക്ഷിച്ച പിശാച് കുറെക്കാലത്തേക്കു അവനിൽനിന്നും മാറി എന്നാണല്ലൊ ലൂക്കോസ് ഏവൻഗേലിസ്ഥൻ എഴുതിയിരിക്കുന്നത്. (വി. ലൂക്കോസ് 4:13) വിശുദ്ധിയിലേക്കു ഏറിവരുവാനാഗ്രഹിക്കുന്നവരെ അവൻ കൂടുതലായിട്ടു പരീക്ഷിക്കുന്നു. നായാട്ടിനുപോകുന്ന ഒരു വേട്ടക്കാരൻ ചാകാത്ത ജീവികളെ ആദ്യം പിടിച്ച് അവന്റെ പൂണിയിലാക്കുവാൻ ശ്രമിക്കും. ചത്തവയെ ഏററവും അവസാനമേ പെറുക്കുകയുള്ളു. ഇതാണ് പിശാചും നമ്മോടു ചെയ്യുന്നത്. ആകയാൽ എല്ലാവരും സൂക്ഷ്മതയുള്ളവരായിരിക്കണം. അല്ലെങ്കിൽ പിശാചിന്റെ കെണിയിൽപെട്ട് നഷ്ടപ്പെട്ടുപോകും.

പിശാച് ഫറവോന്റെ ഹൃദയത്തെ വീണ്ടും കഠിനപ്പെടുത്തി. പൈശാചിക പ്രേരണയാൽ ഇസ്രയേലിനെ ഒടുക്കുവാൻ അവന്റെ പട്ടാളങ്ങളോടുകൂടി ധൃതിയായി അവരുടെ പിന്നാലെ ഓടുന്നു. മോശ എന്ന ദൈവദാസനും, അവൻ ആരാധിക്കുന്ന യഹോവയാം ദൈവവും, ദൈവത്തിന്റെ മാലാഖമാരും ഇസ്രയേലേ നിന്നോടുകൂടെയുണ്ട്. നീ ഭയപ്പെടേണ്ട! ഇതാണ് രക്ഷിക്കപ്പെട്ട ജനത്തിന്റെ അനുഭവം. ജനത്തിന്റെ മുമ്പെ പോയ യഹോവയുടെ മാലാഖാ തന്റെ രക്ഷിക്കപ്പെട്ട ജനത്തിന്റെ പുറകെ വന്നു തന്റെ രക്ഷിക്കപ്പെട്ട ജനത്തെ രക്ഷിപ്പാൻ യഹോവയുടെ സൂക്ഷ്മതയും വ്യഗ്രതയും എത്ര രൂക്ഷവും എത്ര അത്ഭുതാവഹവുമാകുന്നു. ഇവിടെ സംഭവിച്ചത് എന്താണ്? ഇസ്രായേൽ ചെങ്കടലിൽകൂടി അത്ഭുതകരമായി കടന്നുപോയി. ഫറവോനും സൈന്യങ്ങളും ചെങ്കടലിൽ കൂടി അത്ഭുതകരമായി കടന്നുപോയി. യഹോവയോടു മറുക്കുന്നവനേ - യഹോവയാൽ രക്ഷിക്കപ്പെട്ട ജനത്തോടു മറുതലിക്കുന്നവനേ - നിനക്ക് അയ്യോ കഷ്ടം എന്നു നിലവിളിച്ചുകൊണ്ട് അവർ അടിഞ്ഞുപോയി.

സ്നേഹിതരേ, സ്നേഹിതരായ വായനക്കാരേ; ഈ മർമ്മം നമുക്കു കാണുകയും ഗ്രഹിക്കുകയും ചെയ്യാം. പിശാചിന്റെ അഥവാ ദുഷ്ടന്റെ ആശ നിലനിൽക്കയില്ല. അത് പൊളിഞ്ഞ്, തകർന്ന്, തരിപ്പണമാകും. യഹോവയിൽ ആശ്രയിക്കുന്ന തന്റെ ജനത്തേയോ യഹോവയുടെ കരുണ വീണ്ടുകൊള്ളും. അതല്ലേ നമ്മുടെ കർത്താവ്: 'പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല.' (മത്തായി 16:18) എന്നു പറയുന്നത്. ജലത്തിൽകൂടി രക്ഷപ്പെട്ടവർ പറുദീസയിലേക്കു പ്രയാണം ചെയ്തു.

രക്ഷയുടെ അനുഭവത്തെക്കുറിച്ച് വിവരിക്കുമ്പോൾ പല ആശയങ്ങൾ അവതരിപ്പിക്കാനുണ്ടെങ്കിലും മുൻ പ്രസ്താവിച്ചതുപോലെ ഒരു കാര്യം കൂടി സൂചിപ്പിക്കാം. ഏദന്റെ പറുദീസായിൽ നിന്നും ബഹിഷ്കൃതമായ തന്റെ സ്വരൂപ സാദൃശ്യസഷ്ടിയെ വീണ്ടും പറുദീസയിലേക്കു പ്രവേശിപ്പിക്കുന്ന ശ്രേഷ്ഠമായ പ്രക്രിയയാണ് രക്ഷ. ആ രക്ഷയെ അവകാശിച്ചവർ പറുദീസക്കു പുറത്തല്ല. മറിച്ച്, പറുദീസയിലേക്കു പ്രവേശിച്ചു കഴിഞ്ഞു.

ഈ പറുദീസാ പ്രവേശനമത്രെ തന്നിൽ ആശ്രയിച്ച്; 'നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ എന്നേയും കൂടി ഓർത്തുകൊള്ളണമെന്നു സത്യസന്ധമായി നിലവിളിച്ച് പറഞ്ഞ വലത്തുഭാഗത്തെ കള്ളനോട് നീ ഇന്നു എന്നോടുകൂടി പറുദീസായിൽ പ്രവേശിക്കും എന്നു നമ്മുടെ കർത്താവ് കൽപ്പിച്ചപ്പോൾ; സംഭവിച്ചത്. ഈ രക്ഷ ആസ്വദിച്ച അനേകരെ നമുക്കു വേദപുസ്തകത്തിലും സഭയിലും ദർശിക്കാവുന്നതാണ്.

എന്താണ് ഈ രക്ഷ എന്ന് നാം അൽപ്പംകൂടി ആഴമായി ചിന്തിക്കുന്നത് ഉത്തമമാണെന്നു ബലഹീനനായ നമുക്കു തോന്നുന്നു. ദൈവം ആദാമിനേയും ഹവ്വായേയും മെനഞ്ഞ്, അവരിൽ ജീവശ്വാസം ഊതി. മണ്ണിൽ നിന്നും മെനയപ്പെട്ടതുകൊണ്ട് അവർ മണ്ണാകുന്നു. എങ്കിലും അവരിൽ ദൈവശ്വാസം ഊതി, അതു മുഖാന്തിരം ഒരു ദൈവീക അംശം അവരിൽ ചേരുകയുണ്ടായി. അങ്ങനെ മനുഷ്യർ വിണ്മയനായ ദൈവത്തിന്റെയും മൃണ്മയമായ മണ്ണിന്റെയും കലർച്ചയാണ്. ഈ മനുഷ്യനെ ദൈവം പറുദീസയിലെ സ്വർഗ്ഗീയ ഭാഗ്യങ്ങളിൽ ആക്കി. ഈ മനുഷ്യനാണ് അവന്റെ സ്വാതന്ത്ര്യബുദ്ധിയാൽ പൈശാചിക പ്രേരണക്കു വിധേയമായി വീടുപോയത്. അവൻ യഹോവയാൽ ശിക്ഷിതനായി, അവൻ ദൈവത്തിൽനിന്നും അകന്നു. അവനെ രക്ഷിക്കുവാൻ മററൊരു ദേവനോ, വേറൊരു ശക്തിക്കോ, മററാർക്കും തന്നെയോ കഴിയുകയില്ല. പ്രത്യുത, അത് അവനെ മനഞ്ഞ യഹോവയാൽ മാത്രമേ സാധിക്കു. അതു കൊണ്ടാണ് മനുഷ്യനേയും അവന്റെ സന്താനങ്ങളെയും വീണ്ടെടുക്കുവാൻ ദൈവം തന്നെ താണിറങ്ങിയത്.

സൃഷ്ടിയുടെ ആദിയിൽ യഹോവയായ ദൈവം തന്റെ കൈവേലയായ മനുഷ്യനിൽ ദൈവശ്വാസം ഊതിയെങ്കിലും അവൻ വീണുപോയതുകൊണ്ട് അവൻ നഷ്ടപ്പെടുത്തിയ രക്ഷയിലേക്കു അവനെ പ്രവേശിപ്പിക്കുവാൻ അവന്റെ രക്ഷിതാവായ ദൈവം തന്റെ പരമസ്നേഹത്താൽ സസ്വർഗ്ഗത്തിൽ നിന്നും താണിറങ്ങി; പരിശുദ്ധറൂഹാ മൂലം ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിൽനിന്ന് ശരീരിയായിത്തീർന്ന് മനുഷ്യനായി. ഇതിൽനിന്നും നാം മനസ്സിലാക്കുന്നതെന്താണ്?

സമ്പൂർണ്ണനായ ദൈവം മനുഷ്യനെ അവന്റെ സമ്പൂർണ്ണതയോടുകൂടി തന്നിലേക്കെടുത്ത് അവനെ ദൈവത്തോടു ഒന്നിപ്പിച്ചു. ദൈവവും മനുഷ്യനുമായുള്ള വേർപാടിന്റെ നടുച്ചുവർ ഇടിഞ്ഞു തകർന്നു പോയി. ദൈവവും മനുഷ്യനും ഒന്നായിത്തീർന്നു. കർത്താവായ യേശുക്രിസ്തു പരിപ പൂർണ്ണദൈവവും പരിപൂർണ്ണ മനുഷ്യനുമാണ്. ഈ യേശുക്രിസ്തുവാണ് ലോകത്തിന്റെ രക്ഷ. കാരണം, ദൈവത്തിൽനിന്നും അകന്നിരുന്ന മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുക മാത്രമല്ല, അവനെ ദൈവത്തോട് ഒന്നാക്കിത്തീർക്കുകയും ചെയ്തു. കർത്താവായ യേശുക്രിസ്തുവാൽ മനുഷ്യൻ രക്ഷിക്കപ്പെടുക മാത്രമല്ല അവനേയും ദൈവമാക്കിത്തീർക്കുന്ന ഒരു മർമ്മപ്രധാനമായ പ്രക്രിയയാണ് ഈ മനുഷ്യാവതാരത്തിൽ യാഥാർത്ഥീകരിച്ചിരിക്കുന്നത്. നമ്മുടെ കർത്താവിന്റെ ജീവിതവും കുരിശുമരണവും അവന്റെ കബറടക്കവും ഉയർത്തെഴുന്നേൽപ്പും, സ്വർഗ്ഗാരോഹണവും നടക്കുമ്പോൾ മനുഷ്യനും ദൈവവുമായവനാണ് ഈ പ്രക്രിയകൾക്ക് വിധേയനായത്. എന്നു പറഞ്ഞാൽ മനുഷ്യൻ അൽപ്പംപോലും അകൽച്ചയില്ലാതെ തന്നോട് ഒന്നായിരുന്നു. നമ്മുടെ വിശ്വാസപ്രമാണത്തിൽ നാം പഠിക്കുന്നത്; താൻ സ്വർഗ്ഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി എന്നത്രെ. ഇതു മുഖാന്തിരം യേശുക്രിസ്തു ദൈവവും മനുഷ്യനുമായവൻ; പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി എന്നല്ലെ അർത്ഥമാക്കേണ്ടത്. അൽപ്പം കൂടി ചിന്തിക്കുമ്പോൾ കാണുവാൻ കഴിയുന്ന ഒരു വലിയ മർമ്മം ബലഹീനനായ എന്നെ വളരെ അത്ഭുതപരതന്ത്രനാക്കുന്നു. അത് മററൊന്നുമല്ല; പരിശുദ്ധ ത്രിത്വവുമായി മനുഷ്യൻ ഒരു അമൂല്യ [Unique] അതുല്യ ബന്ധത്തിൽ പ്രകാശിച്ച് പ്രശോഭിക്കുവാൻ ദൈവം തന്റെ കൃപാകരുണാ ദാനത്തിൽ സംഗതിയാക്കി. നമ്മുടെ കർത്താവിന്റെ ആ മഹാപുരോഹിത പ്രാർത്ഥനയിൽ, 'പിതാവേ നീ എന്നിലും ഞാൻ നിന്നിലും നമ്മൾ ഏകമായിരിക്കുന്നതുപോലെ അവരും നമ്മിൽ ഏകമാകേണ്ടതിനുതന്നെ.' (യോഹന്നാൻ 17:21) ഈ ശ്രേഷ്ഠമായ രക്ഷയും പദവിയും നമ്മുടെ ദൈവവും കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു മുഖാന്തിരമല്ലാതെ ആരെക്കൊണ്ടും സാദ്ധ്യമല്ല. അവൻ സാക്ഷാൽ ദൈവമാകുന്നു. മനുഷ്യനെ അത്രമാത്രം കർത്താവ് സ്നേഹിച്ചു, ബഹുമാനിച്ചു. തന്മൂലം അവനെ രക്ഷിച്ച് ഉയർത്തി തന്നോടൊപ്പമാക്കിത്തീർത്തു. മഹാത്ഭുതം! അത്ഭുതങ്ങളിൽ മഹാത്ഭുതം!

നമ്മുടെ കർത്താവിന്റെ കബറിലേക്കു ചെന്നവർക്ക് അവന്റെ ശരീരത്തിന്റെ യാതൊരംശംപോലും അവിടെ കാണുവാൻ ഉണ്ടായിരുന്നില്ല. ഒരു ഒഴിഞ്ഞ കബറാണ് കാണുവാൻ സാധിച്ചത്. അതു മാത്രമേ കാണുവാൻ കഴിയൂ. അതാണതിന്റെ സത്യം. നമ്മുടെ കർത്താവ് ശരീരത്തോടുകൂടിയാണ് ഉയർത്തെഴുന്നേററത്. ഉയർത്തെഴുന്നേൽപ്പിൽ ആ ശരീരം രൂപാന്തരം പ്രാപിച്ചു എന്നേയുള്ളു. ദൈവവും മനുഷ്യനുമായവൻ തന്നെയാണ് സ്വർഗ്ഗാരോഹണം ചെയ്തതും. വി. ത്രിത്വത്തിൽ രണ്ടാമൻ പരിശുദ്ധ ത്രിത്വത്തിൽ ബന്ധപ്പെടുന്നതും ശരീരരഹിതനായിട്ടല്ല. പ്രിയപ്പെട്ട വായനക്കാരേ, ഇതല്ലെ ദിവ്യരക്ഷ? കർത്താവ് എന്താണ് കൽപ്പിക്കുന്നത്? ഞാൻ എവിടെയാണോ അവിടെ എന്റെ ശുശ്രൂഷക്കാരനും ആയിരിക്കും. ഇപ്രകാരം മനുഷ്യനെ തന്നോടൊപ്പം തന്നോടുകൂടെ പരിശുദ്ധ ത്രിത്വത്തിന്റെ കുടുംബത്തിൽ തന്റെ കൃപയാൽ രക്ഷിക്കപ്പെട്ടവരേയും ഒന്നാക്കിത്തീർത്തു. ഈ യേശുക്രിസ്തുവിലും അവനിൽകൂടിയും അവൻ മുഖാന്തിരവുമാണ് നിങ്ങളും ഞാനും രക്ഷിക്കപ്പെടേണ്ടതും ഈ അതുല്യ രക്ഷയുടെ പദവിയെ സമ്പാദിച്ച് സ്വായത്തമാക്കേണ്ടതും.

ഒരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരട്ടെ. കർത്താവ് എഴുന്നള്ളി
കൈക്കൊണ്ട ശരീരം വസ്തുമയമാണ്. [Material] വസ്തു ഭൗതീകമാണ്, ഭൗമികമാണ്. നമ്മുടെ
കർത്താവിന്റെ മനുഷ്യാവതാരത്തിൽ ഈ വസ്തുവിനും പങ്കുണ്ട്. അതിനും ഈ പുതുശക്തി
കർത്താവിന്റെ രക്ഷാകര മനുഷ്യാവതാര മർമ്മമാണ്. അതു കൊണ്ടല്ലേ കർത്താവ് കർത്തൃപ്ര
ാർത്ഥനയിൽ 'നിന്റെ രാജ്യം വരേണമേ' എന്നു പഠിപ്പിച്ചിരിക്കുന്നത്. ഈ ഭൂമി
സ്വർഗ്ഗമാകേണമെങ്കിൽ എല്ലാ സൃഷ്ടികളും ചരാചരമുൾപ്പെടെ സ്വർഗ്ഗീയമാകണം. ഇതു
ദൈവത്തിനു സാധിക്കും. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് നാമും അദ്ധ്വാനിക്കണം.
ഇതുതന്നെയാണല്ലോ പൗരസ്ത്യ സഭാപിതാക്കന്മാർ സിനേർഗിയ [Synergeia] എന്ന ഗ്രീക്കുപ
ദംകൊണ്ട് വിവക്ഷിക്കുന്നത്. നമ്മുടെ അദ്ധ്വാനവും ദൈവത്തിന്റെ കൃപാദാനവും
ഒന്നിച്ചുണ്ടാവണം. നമുക്കു സത്യസന്ധമായി നമ്മെത്തന്നെ ദൈവത്തിൽ സമർപ്പിക്കാം.

(കൊല്ലം ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'പൗരസ്ത്യതാരം' മാസികയിൽ പ്ര
സിദ്ധീകരിച്ച ലേഖന പരമ്പര)

[COURTESY TO FAMILY OF LATE PROF. SAMUEL CHANDANAPPALLY]

[CLICK HERE TO READ ENGLISH TRANSLATION]




Back Home Top

Email this Link to a Friend Send Your Feedback

INDIAN CHRISTIAN WEB DIRECTORY [LINKS]
[ ECUMENICAL ] [ ORTHODOX ] [ MARTHOMA ] [ JACOBITE ] [ CATHOLIC ] [ CSI ] [ ORGANIZATIONS ] [ NEWS ] [ MALAYALAM ]

**THE CHRISTIAN**
**LIGHT OF LIFE**
**PUBLISHED ON FIRST DAY OF EVERY MONTH**